# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 3 പേജുകൾ 48 ജൂൺ 2022



- പ്രബുദ്ധ കേരള സംഗമം
- വില കത്തുമ്പോൾ കുളത്തിൽ തപ്പുന്നവർ
- ഗോത്ര കവിത
- കാർട്ടൂൺ കേരളം
- കഥ, കവിത




**മുഖചിത്രം:**
**മുണ്ടൂർ കൃഷ്ണൻകുട്ടി**

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ്ണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി
റയൻ ജോസഫ്



എഴുത്തുകാരുടെയും വായനക്കാരുടേയും സാംസ്കാരിക വേദിക്ക് തൃശൂരിൽ രൂപം കൊടുത്തു - സഹൃദയസദസ്സ്. 'വ്യാപാരകേരളം' മാസിക വിഭാവനം ചെയ്യുന്ന സാംസ്കാരിക പരിപാടികൾ, സഹൃദയ സദസ്സിന്റെ ആഭിമുഖ്യത്തിലാകും ഇനി ജനമധ്യത്തിലെത്തുക. നിറഞ്ഞ സദസിനെ സാക്ഷിയാക്കി സഹൃദയ സദസ്സിന്റെ പ്രഥമ പരിപാടി തൃശൂരിൽ നടന്നു. 'വ്യാപാരകേരളം' ഏർപ്പെടുത്തിയ, മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം സമ്മാനിച്ച ചടങ്ങിൽ പ്രബുദ്ധ കേരളം ഒന്നിച്ചു. കോവിഡ് പൂർവ്വകാലം ഓർമപ്പെടുത്തുന്ന ഒത്തുചേരലായിരുന്നു അന്ന് തൃശൂർ ദർശിച്ചത്.

മുണ്ടൂർ കൃഷ്ണൻകുട്ടി മാഷിനെ സ്മരിച്ച്, വൈശാഖൻ, പി.ബാലചന്ദ്രൻ എംഎൽഎ, ഇ.ഡി.ഡേവിസ് എന്നിവർ നടത്തിയ പ്രഭാഷണങ്ങൾ വേറിട്ട അനുഭവം പകർന്നു. സംസ്ഥാനത്തിനകത്തും പുറത്തുംനിന്നുമായി, ചടങ്ങിനെത്തിച്ചേർന്ന പുരസ്കാരജേതാക്കളെ യഥാവിധം സദസ്സിനു പരിചയപ്പെടുത്തി. പുരസ്കാരങ്ങൾ സമ്മാനിച്ചു. രചനാവീഥിയിൽ ആത്മവിശ്വാസത്തോടെ മുന്നേറുവാൻ ജേതാക്കൾക്ക് ഈ പുരസ്കാരം പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

അവാർഡ് സമ്മാനിച്ചതിന്റെ വിശദവിവരങ്ങൾ ഈ ലക്കം മാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാന്നിധ്യമറിയിക്കാൻ സാധിക്കാതെ പോയവർക്ക്, ചടങ്ങിനെ സംബന്ധിച്ച നേർകാഴ്ച ലഭിക്കുംവിധമാണ് ഫീച്ചറിന്റെ ചിത്രീകരണം.

ഗോത്രഭാഷയിൽ കവിത എഴുതുന്നവരെ മാസിക മുൻപൊരിക്കൽ പരിചയപ്പെടുത്തിയിരുന്നു. മലവേട്ടുവ ഗോത്രഭാഷയിൽ കവിതയെഴുതുന്ന പ്രകാശൻ ചെന്തളത്തിന്റെ കവിത ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. പതിനഞ്ച് കവിതകളും നാല് കഥകളും പുതിയ ലക്കത്തിൽ വായിക്കാം.

മാസികയിൽ എഴുതി തുടങ്ങിയ പലരുടേയും രചനകൾ ശ്രദ്ധിക്കപ്പെടുന്ന വാരികകളിൽ അച്ചടിച്ചുവരുന്നുണ്ട്. മാസിക, പ്രവർത്തകർക്ക് ഏറെ ആഹ്ലാദം പകരുന്നുണ്ട് ആ വായനകൾ. മാസിക ഏർപ്പെടുത്തിയ കവിതാ-കഥാ പുരസ്കാരങ്ങൾ നേടിയവർ, മറ്റ് പുരസ്കാരങ്ങൾക്ക് അർഹരാകുന്നതും ആത്മഹർഷം പകരുന്ന വായനകൾ തന്നെ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:



രാജേശ്വരി തുളസി

# അകത്താളുകളിൽ

## ലേഖനം/പംക്തി


| | |
|---|---|
| പ്രബുദ്ധകേരളം സാക്ഷി | പേജ് 4 |
| ഫ്രാങ്കോ ലൂയിസ്: | പേജ് 9 |
| തേജശ്രീ: | പേജ് 13 |
| അബ്ദിയ ഷഫീന | പേജ് 46 |


## കാർട്ടൂൺ


| | |
|---|---|
| രാജേശ്വരി തുളസി: | പേജ് 3 |


## കഥ


| | |
|---|---|
| ഭൗമിനി | പേജ് 31 |
| വി പി ചെല്ലൂർ | പേജ് 34 |
| സന്തോഷ് ആറ്റിങ്ങൽ | പേജ് 39 |
| പ്രദീപ് കുഞ്ചു | പേജ് 41 |


## കവിത


| | |
|---|---|
| പ്രകാശൻ ചെന്തളം | പേജ് 15 |
| ശ്രീജ വിജയൻ | പേജ് 16 |
| ലേഖ കാക്കനാട്ട് | പേജ് 17 |
| ദിവ്യ സി.ആർ | പേജ് 18 |
| രാജു കാഞ്ഞിരങ്ങാട് | പേജ് 19 |
| അബ്ദുള്ള പേരാമ്പ്ര | പേജ് 20 |
| രാജൻ സി.എച്ച് | പേജ് 21 |
| അലീഷ മാഹിൻ | പേജ് 22 |
| ചാക്കോ ഡി അന്തിക്കാട് | പേജ് 23 |
| നിഥിൻകുമാർ ജെ. പത്തനാപുരം | പേജ് 24 |
| ജയപാലൻ കാര്യാട്ട് | പേജ് 25 |
| സജിത്കുമാർ | പേജ് 26 |
| അമീന ബഷീർ | പേജ് 27 |
| ബൈജു റാഫേൽ | പേജ് 28 |
| ബീന ബിനിൽ | പേജ് 29 |
| രേഖ സി.ജി. | പേജ് 30 |




ഉദ്ഘാടനം നിർവ്വഹിച്ച് വൈശാഖൻ സംസാരിക്കുന്നു.

## പ്രബുദ്ധ കേരളം സാക്ഷി;

# മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം സമ്മാനിച്ചു

**സ്വന്തം ലേഖകൻ**
**ഫോട്ടോഗ്രഫി: ശ്രീറാം**

**തൃശൂർ:** കലയും സാഹിത്യവും മാനവികതയേയും സാഹോദര്യത്തേയും വളർത്തുന്നതാകണമെന്ന് കഥാകൃത്ത് വൈശാഖൻ. എഴുത്തുകാരുടേയും വായനക്കാരുടേയും സാംസ്കാരിക വേദിയായ സഹൃദയ സദസിന്റെ ആഭിമുഖ്യത്തിലുള്ള സമ്മേളനം കേരള സാഹിത്യ അക്കാദമി ഓാഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ ആധുനിക കാലത്തുപോലും അന്ധവിശ്വാസങ്ങളേയും വർഗീയതയേയും ലിംഗവിവേചനത്തേയുമെല്ലാം പ്രോൽസാഹിപ്പിക്കുന്ന പ്രവണതകൾ പലയിടത്തും കാണാം. സിനിമയിൽപോലും കച്ചവടമാണ്.




**നോവൽ Lives on Billboards ന്റെ പ്രകാശനവേള:** ഗ്രന്ഥകാരൻ സി.ആർ.രാജൻ, പ്രകാശനം നിർവ്വഹിച്ച കഥാകാരൻ സുകുമാർ കൂർക്കഞ്ചേരി, വൈശാഖൻ, പുസ്തകം സ്വീകരിച്ച സനിത പാറാട്ട്, രാവുണ്ണി, സിനി സീരിയൽ താരം മഞ്ജു സുഭാഷ് എന്നിവർ.

# അവാർഡ് ജേതാക്കൾ

2022



കബനി കെ. ദേവൻ | എം.കുഞ്ഞാപ്പ | ബാലചന്ദ്രൻ എരവിൽ | ബിനു വെളിയനാടൻ | ടോണി എം. ആന്റണി

2021



സിന്ധുഗാഥ | അജേഷ് കടന്നപ്പള്ളി | അനിത ശ്രീജിത്ത് | ബി.ജോസുകുട്ടി | രേഖ തോപ്പിൽ | മനോജ് വാസു | അനിൽകുമാർ എസ്.ഡി.



മുണ്ടൂർ കൃഷ്ണൻകുട്ടിയുമായുള്ള സൗഹൃദം സരസമായി അടയാളപ്പെടുത്തി പി.ബാലചന്ദ്രൻ എംഎൽഎ.



ഇ.ഡി.ഡേവിസിന് ആദരം.



രാവുണ്ണിക്ക് ആദരം

മാനവികതയെ ഉയർത്തിക്കാട്ടുമ്പോഴേ കലയും സാഹിത്യവും മഹത്തരമാകൂവെന്നും അദ്ദേഹം പറഞ്ഞു.

പുതിയ കാലഘട്ടത്തിൽ രചനാ ബാഹുല്യമുണ്ടെങ്കിലും മനസിൽ തൊടുന്നവ കുറയുന്നുണ്ടോയെന്ന് എഴുത്തുകാർതന്നെ പരിശോധിക്കണമെന്ന് അധ്യക്ഷത വഹിച്ച പി. ബാലചന്ദ്രൻ എംഎൽഎ പറഞ്ഞു.

വ്യാപാരകേരളം പബ്ലിക്കേഷൻസ് ഏർപ്പെടുത്തിയ മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം വൈശാഖൻ സമ്മാനിച്ചു. കബനി കെ ദേവൻ (കണ്ണൂർ) (കഥ: പെൺവെളിച്ചം), എം കുഞ്ഞാപ്പ (മലപ്പുറം) (കഥ: പടിപ്പുര കടന്ന് ഹൃദയത്തിലേക്ക്), ബാലചന്ദ്രൻ എരവിൽ (കാസർകോട്) (കഥ: അക്ഷരങ്ങളേ നിങ്ങൾ), ബിനു വെളിയനാടൻ (ആലപ്പുഴ) (കഥ: കരിമീൻ), ടോണി എം ആന്റണി (തൃശ്ശൂർ) (കഥ: ഇല്ലുമാനിറ്റിയും പാച്ചുജോയിയും) എന്നിവർക്കാണു പുരസ്കാരങ്ങൾ സമ്മാനിച്ചത്. മുൻവർഷത്തെ പുരസ്കാര ജേതാക്കളായ സിന്ധു ഗാഥ, എസ്.ഡി. അനിൽകുമാർ, അജേഷ് കടന്നപ്പള്ളി, അനിത ശ്രീജിത്ത്, ബി. ജോസുകുട്ടി, രേഖ തോപ്പിൽ, മനോജ് വാസു എന്നിവർക്കും പുരസ്കാരങ്ങൾ നൽകി.

ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹരായവർക്കുള്ള അനുമോദന പത്രിക കവി. ഡോ.



**വി.യു.സുരേന്ദ്രന് ആദരം**

സി. രാവുണ്ണി സമ്മാനിച്ചു. ഹാജറ.കെ.എം, സി.ജി.അശോകൻ, അജിത രാജൻ, ആദർശ്. വി.ജി, ശാരിക, ശൈലജ വർമ്മ, അരുൺ പരമേശ്വരൻ, നജീബ് കാഞ്ഞിരോട്, രാധാകൃഷ്ണൻ ഉണ്ണികുളം, ധന്യ തെക്കേപ്പാട്ട്, ഗീതരശ്മി, രാജീവൻ മുണ്ടിയോട് എന്നിവർക്കാണ് അനുമോദന പത്രിക സമ്മാനിച്ചത്.

അബുദാബി ശക്തി അവാർഡ് ജേതാക്കളായ ഡോ. സി. രാവുണ്ണി, ഇ.ഡി ഡേവിസ്, വി.യു സുരേന്ദ്രൻ എന്നിവരെ പി. ബാലചന്ദ്രൻ എംഎൽഎ ആദരിച്ചു. സഹൃദയ സദസ്സിന്റെ ചെയർമാനും വാർത്താകേരളം എഡിറ്ററുമായ സി.ആർ രാജൻ രചിച്ച 'പരസ്യജീവിതം' നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ 'ലൈവ്സ് ഓൺ ബിൽബോർഡ്സ്' പ്രകാശനം ചെയ്തു.

കഥാകൃത്ത് സുകുമാർ കൂർക്കഞ്ചേരി കഥാകാരി സനിതാ പാറാട്ടിന് ആദ്യകോപ്പി നൽകി. പുസ്തകത്തിന്റെ തെലുങ്കു പതിപ്പു തയാറാക്കാനുള്ള കോപ്പി രാജീവൻ മുണ്ടിയോടിനു കൈമാറി. കലാകാരന്മാരായ പി.വി. ജോയ്, പി.ജി പ്രേമൻ എന്നിവരുടെ ചിത്രപ്രദർശനവും ഉണ്ടായിരുന്നു.

സിനിമ, സീരിയൽ ആർട്ടിസ്റ്റ് മഞ്ജു സുഭാഷ് കാവ്യാർച്ചന നടത്തി. പേളി ജോസ് സ്വാഗതമാശംസിച്ചു. മുണ്ടൂർ കൃഷ്ണൻകുട്ടിയെ ഇ.ഡി.ഡേവിസ് അനുസ്മരിച്ചു. പുരസ്കാര



**കാവ്യാർച്ചനയുമായി മഞ്ജു സുഭാഷ്.**



**സ്വാഗതം: പേളി ജോസ്.**



**ഫ്രാങ്കോ ലൂയിസ് പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തുന്നു.**



**മോഹൻദാസ് പാറപ്പുറത്ത് പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തുന്നു.**




**നോവൽ ആസ്വാദനം വി.പി.ജോൺസ്.**




**വിവർത്തനത്തിന്റെ നാൾവഴികളിലൂടെ ഗോപിക.യു.കെ.**




**ആശംസകൾ അർപ്പിച്ച് ഡോ.പി.സജീവ്കുമാർ.**




**ആശംസകൾ അർപ്പിച്ച് ചാക്കോ ഡി അന്തിക്കാട്.**




**പുരസ്കാരത്തിനു പരിഗണിച്ച രചനകൾ പി.കെ.ഭരതൻ വിലയിരുത്തുന്നു.**




**രാജൻ എലവത്തൂർ.**

ത്തിനു പരിഗണിച്ച രചനകൾ ജൂറി അംഗം പി.കെ. ഭരതൻ വിലയിരുത്തി. 2022 ലെ പുരസ്കാര ജേതാക്കളെ ഫ്രാങ്കോ ലൂയിസും പ്രഥമ പുരസ്കാര ജേതാക്കളെ മോഹൻദാസ് പാറപ്പുറത്തും പരിചയപ്പെടുത്തി. പ്രകാശനം ചെയ്ത നോവൽ Lives on Billboards ന്റെ ആസ്വാദനം പ്രഫ. വി.പി ജോൺസ് നിർവ്വഹിച്ചു. നോവൽ വിവർത്തനം ചെയ്ത ഗോപിക.യു.കെ വിവർത്തനത്തിന്റെ നാൾവഴികൾ വിശദീകരിച്ചു. ഡോ. പി സജീവ് കുമാർ, വിൻസന്റ് പുത്തൂർ, ചാക്കോ ഡി അന്തിക്കാട് എന്നിവർ ആശംസകൾ നേർന്നു. രാജൻ എലവത്തൂർ സമുചിതമായി നന്ദി രേഖപ്പെടുത്തി.

പ്രബുദ്ധ കേരളത്തിന്റെ പരിച്ഛേദമെന്നു വിശേഷിപ്പിക്കാവുന്ന വിശിഷ്ട വ്യക്തിത്വങ്ങളുടെ സാന്നിധ്യത്താൽ സമ്പന്നമായിരുന്നു സദസ്.

മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരം സമ്മാനിച്ചത് വിവിധ പത്രങ്ങളിൽ. നന്ദി മാതൃഭൂമി, മനോരമ, ദേശാഭിമാനി, ദീപിക, ചന്ദ്രിക, മാധ്യമം, മെട്രോ വാർത്ത, മംഗളം, കേരളകൗമുദി, കേരളവാർത്ത & തൃശിവപേരൂർ എക്സ്പ്രസ്.





# വില കത്തുമ്പോൾ

## ശിവലിംഗം തപ്പൽ

**വിലക്കയറ്റവും നാണ്യപ്പെരുപ്പവും മൂലം വട്ടം കറങ്ങുകയാണു ജനം. നേരിടാൻ കേന്ദ്ര ധനമന്ത്രാലയം പെട്രോൾ, ഡീസൽ, ഗ്യാസ് വില കുറച്ചും റിസർവ് ബാങ്ക് പലിശ നിരക്കു വർധിപ്പിച്ചുമുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. വിലക്കയറ്റംമൂലം ജനം പൊറുതിമുട്ടിയിരിക്കേ, ഒരു കൂട്ടർ കുളം വറ്റിച്ചു ശിവലിംഗം തപ്പുകയാണ്.**



ഫ്രാങ്കോ ലൂയിസ്

വാരണാസിയിലെ ജ്ഞാൻ വാപി പള്ളിയും ഡൽഹിയിലെ കുത്തബ് മിനാറും ആഗ്രയിലെ താജ് മഹലുമെല്ലാം പൊളിച്ചടക്കി അമ്പലം പണിയാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ് ഒരു കൂട്ടർ. 1992 ൽ സംഘപരിവാർ കർസേവകർ തകർത്ത ബാബറി മസ്ജിദ് കാലത്തെ ഭീകരത പുനരാവിഷ്കരിക്കാനുള്ള ശ്രമത്തിലാണ് വിദ്വേഷക മതഭ്രാന്തർ.

### വില, പലിശ കൂടുന്നു

നിത്യോപയോഗ സാധനങ്ങളുടെ വില വർധന ജനജീവിതത്തെ അവതാളത്തിലാക്കി. പെട്രോൾ, ഡീസൽ, ഗ്യാസ് വില വർധനയുടെ പ്രത്യാഘാതം എല്ലാ മേഖലയിലേക്കും വ്യാപിച്ചു. യാത്രാ, ഗതാഗത ചെലവുകൾ വർധിച്ചതോടെ എല്ലാ സാ

ധനങ്ങൾക്കും വില വർധിച്ചു. പച്ചക്കറി, അരി, ഗോതമ്പ് എന്നിങ്ങനെ എല്ലായിനം ഭക്ഷ്യവസ്തുക്കൾക്കും വില വർധിച്ചു. നിർമാണ മേഖലയിൽ സിമന്റ്, കമ്പി എന്നിവയടക്കം എല്ലാ ഇനങ്ങൾക്കും വിലകൂടി. ആഡംബര മേഖലയിലെ കാറുകൾക്കും സ്വർണാഭരണങ്ങൾക്കും വൻതോതിൽ വില കൂടി. രൂപയുടെ മൂല്യം തകരുകയും ചെയ്തു. ഇതോടെ രാജ്യത്തിന്റെ സാമ്പത്തിക നില അവതാളത്തിലായി.

നാണ്യപ്പെരുപ്പം 15.38 ശതമാനമായി ഉയർന്നു. 17 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. കോവിഡ് നിയന്ത്രണങ്ങളെല്ലാം അവസാനിപ്പിച്ച് ജനങ്ങളുടെ കൈയിൽ പണമെത്താൻ തുടങ്ങിയതു നല്ല സൂചനയാണ്. എന്നാൽ അമിതമായ വിലവർധന നല്ല സൂചനയല്ല. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കു ഭീഷണിയാകുന്ന നിലയിലേക്കാണു നാണ്യപ്പെരുപ്പവും വിലക്കയറ്റവും കുതിച്ചത്. വിലക്കയറ്റവും നാണ്യപ്പെരുപ്പവും മൂലം ഇന്ത്യയുടെ അയൽ രാജ്യങ്ങളെല്ലാം സാമ്പത്തികത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. കടക്കെണിയിൽ വീണു തകർന്നു പോയ ശ്രീലങ്ക മുതൽ ബർമയും പാക്കിസ്ഥാനും വരെ ഈ ഗണത്തിലുണ്ട്. ഈ സാഹചര്യത്തിലാണ് റിസർവ് ബാങ്കും കേന്ദ്ര ധനമന്ത്രാലയവും തിരുത്തൽ നടപടികൾക്കു തുടക്കമിട്ടിരിക്കുന്നത്.

കഴിഞ്ഞ മാസം പലിശ നിരക്ക് അൽപം വർധിപ്പിച്ച റിസർവ് ബാങ്ക് ഈ മാസവും പലിശ നിരക്ക് വർധിപ്പിക്കാനാണു സാധ്യത. ജൂൺ എട്ടാം തീയതിയോടെ നടക്കുന്ന പണനയ അവലോകന യോഗത്തിൽ നിരക്കു വർധന ഉണ്ടാകുമെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് തന്നെ സൂചന നൽകിക്കഴിഞ്ഞു. നാണ്യപ്പെരുപ്പ നിരക്കു കുറയ്ക്കാൻ ജനങ്ങളുടെ പണവ്യയത്തിൽ കടിഞ്ഞാണിടാനാണ് പലിശ നിരക്കു വർധിപ്പിക്കുന്നത്. നിക്ഷേപങ്ങളുടേയും വായ്പയുടേയും പലിശ വർധിപ്പിക്കും. മിച്ചംവച്ച് ബാങ്കിൽ നിക്ഷേപിക്കാനും വായ്പയെടുത്ത് അമിതമായി ചെലവാക്കുന്നതു നിയന്ത്രിക്കാനുമുള്ള നടപടിയാണിത്.

കേന്ദ്ര സർക്കാർ അനുദിനമെന്നോണം വർധിപ്പിച്ച പെട്രോൾ, ഡീസൽ വില അൽപം കുറച്ചു. കേന്ദ്രസർക്കാർ എക്സൈസ് തീരുവയും സംസ്ഥാന സർക്കാർ നികുതിയും കുറച്ചതോടെ കേരളത്തിൽ പെട്രോളിന് 10.40 രൂപയും ഡീസലിന് 7.37 രൂപയും കുറഞ്ഞു. പാചക വാതക സിലിണ്ടറിന് 200 രൂപ നിരക്കിൽ വർഷം പരമാവധി 12 സിലിണ്ടറുകൾക്കു സബ്സിഡികേന്ദ്രം പ്രഖ്യാപിച്ചു. വളം സബ്സിഡി ഇരട്ടിയാക്കി. വളം സബ്സിഡിക്കു കേന്ദ്ര സർക്കാർ നീക്കിവച്ചിരുന്ന 1.05 ലക്ഷം കോടി രൂപയ്ക്കു പുറമേ, ഒരു ലക്ഷം കോടി രൂപ കൂടി അനുവദിച്ചു. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ അസംസ്കൃത വസ്തുക്കൾ, ഇരുമ്പ്, ഉരുക്ക്, അനുബന്ധ ഘടകങ്ങൾ എന്നിവയുടെ ഇറക്കുമതിക്കുള്ള കസ്റ്റംസ് തീരുവ കുറച്ചു. നിർമ്മാണ മേഖലയിൽ ചെലവു ചുരുക്കാൻ സിമന്റ് വില കുറയ്ക്കുമെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചു.

വിലക്കയറ്റത്തിനും നാണ്യപ്പെരുപ്പത്തി



നും ആനുപാതികമായി ക്ഷാമബത്ത വർധന കിട്ടുന്നവരാണ് സർക്കാർ ഉദ്യോഗസ്ഥർ. വിലക്കയറ്റം അവരെ ബാധിക്കില്ല. ക്ഷാമബത്തയ്ക്കു പകരം ക്ഷാമം മാത്രം സ്വന്തമായുള്ള സാധാരണക്കാരുടെ ജീവിതത്തെ വിലക്കയറ്റം ദുസഹമാക്കിയിരിക്കുകയാണ്.

## പള്ളി പൊളിക്കൽ

പാർലമെന്റ് മന്ദിരമോ കല്യാൺ മാർഗിലെ (പഴയ റേസ് കോഴ്സ് റോഡ്) പ്രധാനമന്ത്രിയുടെ വസതിയോ പൊളിച്ച് അമ്പലം പണിയണമെന്ന് തത്കാലം ആരും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ലോകപ്രശസ്ത ചരിത്ര സ്മാരകങ്ങളായ താജ് മഹലും കുത്തബ് മിനാറും മസ്ജിദായ ജ്ഞാൻ വാപിയുമെല്ലാം പൊളിച്ച് അമ്പലമാക്കണമെന്ന് ആവശ്യപ്പെട്ട് പരക്കം പായുന്ന ഒരു കൂട്ടരെ ഈ രാജ്യത്തു കാണാം. 1992 ൽ ബാബറി മസ്ജിദ് തകർത്തതിന്റെ ഭീകരത ആവർത്തിക്കാനുള്ള ആസൂത്രിത നീക്കം. അന്നു കോൺഗ്രസിന്റെ നരസിംഹ റാവു സർക്കാർ ഒത്താശ ചെയ്തതേയുള്ളൂ. ഇന്ന് ബിജെപി സർക്കാർ അതിന്റെ മുഖ്യ കർസേവകരാകും. ബാബറി മസ്ജിദ് പൊളിച്ചടക്കിയ അയോധ്യയിൽ രാമക്ഷേത്രം പണി പുരോഗമിക്കുകയാണ്. അടുത്ത വർഷം അവസാനത്തോടെ ക്ഷേത്രം തുറന്നു കൊടുക്കും.

തൊട്ടു പിറകേ 2024 ൽ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനു വീണ്ടും അധികാരത്തിലെത്താൻ വർഗീയ ധ്രുവീകരണത്തിനു ഈയൊരു വാതിൽ മാത്രം തുറന്നാൽ പോരാ. വേറേയും ഇടങ്ങൾ പൊളിച്ചടക്കുമെന്ന് ഓങ്ങിയോങ്ങി നിൽക്കുകയെങ്കിലും വേണം. ഈ മുതലെടുപ്പിനുള്ള ആയുധങ്ങളാണ് താജ് മഹലും കുത്തബ് മിനാറും ജ്ഞാൻ വാപിയുമെല്ലാം. രാജ്യത്തു കലാപമുണ്ടാക്കിയിട്ടായാലും കസേരയുറപ്പിക്കാനും ശതകോടികൾ വാരിക്കൂട്ടാനും മൽസരിക്കുന്നവരെ തുരത്താനുള്ള ജ്ഞാനം പക്ഷേ, ജനത്തിനില്ലാതെപോയി.

വാരണാസിയിലെ ജ്ഞാൻ വാപി മസ്ജിദിലെ കിണറിൽനിന്നു ശിവലിംഗം കണ്ടെത്തിയെന്ന വിവാദമാണ് ഇപ്പോൾ ആളിക്കത്തിച്ചുകൊണ്ടിരിക്കുന്നത്. മസ്ജിദിൽ നിസ്കാരത്തിനു വരുന്നവർക്ക് അംഗശുദ്ധി വരുത്താനുള്ള ജലസംഭരണിയിലെ വെള്ളം വറ്റിച്ചു പരിശോധിച്ചപ്പോൾ കണ്ടെത്തിയത് ശിവലിംഗമല്ല, ജലസംഭരണിയിലെ ജലധാരാ ഉപകരണമാണെന്നും പറയുന്നു. വാരാണസിയിലെ സിവിൽ കോടതി ആ പ്രദേശം അടച്ചിടാൻ ഉത്തരവിടുകയും ചെയ്തു. ക്ഷേത്രത്തിന്റെ പടിഞ്ഞാറേ മതിലിനോടു ചേർന്ന് പ്രാർത്ഥിക്കാൻ അനുമതി തേടി അഞ്ചു ഹിന്ദു സ്ത്രീകൾ വാരാണസി കോടതിയെ സമീപിച്ചിരുന്നു. ഹർജി പരിഗണിച്ച കോടതിയാണ് വീഡിയോ പരിശോധനയ്ക്ക് ഉത്തരവിട്ട് ക്ഷേത്രവത്കരണ യജ്ഞത്തിനു കുടപിടിച്ചത്. പിന്നീട് സുപ്രീം കോടതി സിവിൽ കോടതയിൽനിന്ന് കേസ് ജില്ലാ കോടതിയിലേക്കു മാറ്റി.

പുരാതനകാലത്തു കാശി വിശ്വനാഥ ക്ഷേത്രമായിരുന്നെന്നാണു ചരിത്രം. 1194 മുതൽ പ്രദേശം കീഴടക്കിയ മുസ്ലിം ചക്രവർത്തിമാർ പലപ്പോഴായി മുസ്ലിം പള്ളിയാക്കി മാറ്റി. അവസാനമായി 1669 ൽ ഔറംഗസേബാണ് ജ്ഞാൻ വാപി പള്ളിയാക്കിയത്. 1780 ലാണ് അൽപം മാറി ഇപ്പോഴത്തെ കാശി വിശ്വനാഥ ക്ഷേത്രം പണിതത്. 1983 മുതൽ ഉത്തർപ്രദേശ് സർക്കാരാണ് ക്ഷേത്രത്തിന്റെ മാനേജർ.

കാശി ജ്ഞാൻ വാപി മസ്ജിദ് മുക്തി രക്ഷാസമിതിയുടെ അധ്യക്ഷനായ സുബ്രഹ്മണ്യം സ്വാമി, ജനറൽ സെക്രട്ടറി സ്വാമി ജിതേന്ദ്രനാഥ് സരസ്വതി എന്നിവരുടെ നേതൃത്വത്തിലാണ് പള്ളി തിരിച്ചുപിടിച്ചു ക്ഷേത്രമാക്കാനുള്ള യജ്ഞത്തിനു പിറകിലുള്ളത്.

ആരാധനാലയങ്ങളുടെ സ്റ്റാറ്റസ്കോ സ്വാതന്ത്ര്യം കിട്ടിയ 1947 ൽ നിലവിലുള്ളതുപോലെ നിലനിർത്തണമെന്നാണ് 1991 ലെ ആരാധാനാലയ സംരക്ഷണ നിയമം അനുശാസിക്കുന്നത്. അയോധ്യ ക്ഷേത്രത്തിനു ചെയ്തതുപോലെ ജ്ഞാൻ വാപിക്കും ഒഴിവു നൽകി നിയമത്തെ മറികടക്കാനാകും.

ജലധാരാ ഉപകരണത്തെ ശിവലിംഗമെന്നു വിശേഷിപ്പിച്ചവരെ പരിഹസിച്ചുകൊണ്ട്, 'ഇതാണു ശിവലിംഗമെങ്കിൽ ശിവൻജിയും പരിച്ഛേദിതനായിരുന്നു'വെന്നു ടിറ്ററിൽ പോ

സ്റ്റിട്ട ഡൽഹി ഹിന്ദു കോളജിലെ ചരിത്രാധ്യാപകൻ പ്രഫ. രത്തൻ ലാലിനെ ഡൽഹി പോലീസ് അറസ്റ്റു ചെയ്തിരുന്നു. മതവിദ്വേഷ പ്രചാരണമെന്ന് ആരോപിച്ച് ഒരു ചാണകവക്കീൽ നൽകിയ പരാതിയിലായിരുന്നു അറസ്റ്റ്. പക്ഷേ, മജിസ്ട്രേട്ടിന്റെ ചോദ്യം കേട്ട് പോലീസിന് ഉത്തരംമുട്ടി. ഈ വരികളിൽ എവിടെയാണു മതവിദ്വേഷം? ഇന്ത്യയിലെ 130 കോടി ജനങ്ങൾക്ക് 130 കോടി അഭിപ്രായങ്ങളുണ്ടാകും. അതിനെല്ലാം കേസാണോ? രത്തൻ ലാലിനെ കോടതി ജാമ്യത്തിൽ വിട്ടു.


ചരിത്രപ്രസിദ്ധമായ കുത്തബ്മിനാറിലും ഇതേ വിദ്വേഷ വിഷംതന്നെയാണ്. കുത്തബ്മിനാറിനു ചുറ്റം ഖനനം നടത്തുമെന്ന് ഇക്കൂട്ടർ നടത്തിയ വ്യാജപ്രചാരണം കേന്ദ്ര സാംസ്കാരിക മന്ത്രാലയം നിഷേധിച്ചു. കുത്തബ്മിനാറിന്റെ പരിസരത്തു ഹിന്ദു ദൈവ ശിൽപങ്ങളുടെ പ്രതിഷ്ഠയുണ്ടെന്നും ചുറ്റും 27 അമ്പലങ്ങളുണ്ടെന്നുമെല്ലാം യുണൈറ്റഡ് ഹിന്ദു ഫ്രണ്ട് വർക്കിംഗ് പ്രസിഡന്റ് ഭഗവൻ ഗോയൽ ആണു പ്രചരിപ്പിച്ചത്.



ഇഷ്ടിക കൊണ്ട് നിർമ്മിച്ച ലോകത്തിലെ ഏറ്റവും ഉയരമേറിയ മിനാറാണ് കുത്തബ് മിനാർ. ദക്ഷിണ ഡൽഹിയിലെ മെഹ്റോളിയിലെ ഖുത്ബ് സമുച്ചയത്തിലാണിത്. അഞ്ചു നിലകളിലായി 237.8 അടി ഉയരമുള്ള ഈ ഗോപുരം 1199-ൽ ഡൽഹി സുൽത്താനായിരുന്ന ഖുത്ബ്ദീൻ ഐബക് ആയിരുന്നു ഈ മിനാറിന്റെ ആദ്യ നില പണിതത്. 1229 ൽ സുൽത്താൻ ഇൽത്തുമിഷ് മറ്റു നാലുനിലകളുടെ പണി പൂർത്തിയാക്കി.

എന്നാൽ, കുത്തബ്മിനാർ പണിതത് അഞ്ചാം നൂറ്റാണ്ടിൽ വിക്രമാദിത്യരാജാവാണെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിൽനിന്നു വിരമിച്ച ധരംവീർ ശർമ പ്രചരിപ്പിച്ചിരുന്നു. ഇതോടെയാണ് കുത്തബ്മിനാറിൽ സംഘികൾ കത്തിക്കയറാൻ തുടങ്ങിയത്.

ലോകാദ്ഭുതങ്ങളിലൊന്നായ താജ് മഹലിലേക്കു കോടതിയിലൂടെ അധിനിവേശത്തിനു നടത്തിയ ശ്രമം തത്കാലം പരാജയപ്പെട്ടു. താജ്മഹലിലെ അടച്ചിട്ട 22 മുറികൾ തുറന്നു പരിശോധിക്കണമെന്നും താജ്മഹൽ പുരാതനമായ ഹിന്ദുക്ഷേത്രമായിരുന്നോ എന്നു പരിശോധിക്കണമെന്നും ആവശ്യപ്പെട്ട് അലഹാബാദ് ഹൈക്കോടതിയിലാണു ഹർജി എത്തിയത്. അടച്ചിട്ട 22 മുറികളിൽ ഹിന്ദുദൈവ വിഗ്രഹങ്ങളുണ്ടെന്നാണ് ഹർജിയിൽ അവകാശപ്പെട്ടിരുന്നത്. വിശദമായ പരിശോധനയ്ക്ക് പുരാവസ്തുവകുപ്പിന് നിർദേശം നൽകണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടിരുന്നു. അടച്ചിട്ട മുറികളിൽ പ്രതിമകളില്ലെന്നും അതു ക്ഷേത്രമല്ലെന്നും സത്യവാങ്മൂലം നൽകിയതോടെ കോടതി ഹർജി തള്ളി. തള്ളിയാലും വർഗീയ വിഷജീവികൾ ഇനിയും തള്ളിക്കയറി വരും.



# ഇടനെഞ്ചിൽ പാട്ടുനിറച്ച ഇടവ ബഷീർ




തേജശ്രീ

**അഭിനയിച്ചുകൊണ്ടിരിക്കേ വേദിയിൽ മരിക്കുകയാണ് സ്വപ്നമെന്ന് നടന്മാരും, പാടിക്കൊണ്ടിരിക്കേ മരിക്കുകയാണ് സ്വപ്നമെന്ന് ഗായകരും പറഞ്ഞുകേട്ടിട്ടുണ്ട്. ശരിക്കും എന്തൊരു മരണമാണത്. അങ്ങനെ ജീവൻ വെടിയാനായാൽ അവരുടെ സ്വപ്നം സഫലമാകും.. എന്നാൽ അതു കണ്ടും കേട്ടും ഇരിക്കുന്നവരുടെ മനസുകളിൽ എന്താവും.. ഉറ്റവരുടെ സ്വപ്നങ്ങൾക്ക് എന്തുപറ്റും... പാടിക്കൊണ്ടിരിക്കേ മരിച്ചവരുടെ കൂട്ടത്തിലേക്ക് ഇതാ ഗായകൻ ഇടവ ബഷീർകൂടി...**

ടൂട്ടേ ഖിലോനേ (പൊട്ടിയ കളിപ്പാട്ടം) എന്ന ചിത്രത്തിലേതാണ് മാനാ ഹോ തും ബേഹദ് ഹസീൻ എന്ന സുന്ദരഗാനം. യേശുദാസ് പട്ടുപോലുള്ള സ്വരത്തിൽ ആലപിച്ച ആ പാട്ടുണ്ടാക്കിയ സംഗീതസംവിധായകൻ ബപ്പി ലാഹിരി വിടപറഞ്ഞിട്ട് അധികകാലമായിട്ടില്ല. ബപ്പിദാ തന്റെ പതിവുരീതികളിൽനിന്നു മാറി ഈണമൊരുക്കിയതാണ് മാനാ ഹോ തും.. യേശുദാസിനു തുല്യമുള്ള മധുരശബ്ദത്തിൽ വേദിയിൽ പാടുമ്പോ

ഴാണ് ഗായകൻ ഇടവ ബഷീർ കുഴഞ്ഞു വീണു മരിച്ചത്. വീണു നിലംതൊടുമ്പോഴും ഇടതുകൈയിൽ അദ്ദേഹം ആ മൈക്രോഫോൺ വിടാതെ പിടിച്ചിരുന്നു.

## ബാക്കിയായതു രണ്ടുവരി

മുഹമ്മദ് റഫി, യേശുദാസ് എന്നിവരുടെ പാട്ടുകൾ പുനരവതരിപ്പിച്ച് ജനഹൃദയങ്ങളിൽ കുടിയേറിയ ഗായകനായിരുന്നു ഇടവ ബഷീർ. വെറുതെ പാട്ടുപാടി പോകുകയല്ല, അസാധാരണമാംവിധം ശ്രോതാക്കളുടെ ഇഷ്ടം നേടാനും ബഷീറിനു കഴിഞ്ഞു. ഗാനമേളകൾ അദ്ദേഹത്തിലൂടെ ജനകീയമായി. ആധുനിക സംഗീതോപകരണങ്ങൾ ഗാനമേള വേദികൾക്കു പരിചയപ്പെടുത്തിയതിൽ മുൻനിരക്കാരനായിരുന്നു ബഷീർ. പിതാവ് അബ്ദുൾ അസീസ് സിംഗപ്പൂരിലായിരുന്നതിനാൽ ഉപകരണങ്ങൾ എത്തിക്കുന്നതിന് താരതമ്യേന പ്രയാസം കുറവായിരുന്നു. പിയാനോ അക്കോർഡിയനും ഇലക്ട്രോണിക് കീബോർഡും ആദ്യമായി നമ്മുടെ ഗാനമേള വേദികളിൽ എത്തിച്ചത് അദ്ദേഹമാണ്. ഇടവ ബഷീറിൻ മേള, ഗാനമേള എന്നു കോളാമ്പി മൈക്കിലൂടെയുള്ള അനൗൺസ്മെന്റ് കേട്ടാൽ എഴുപതുകളുടെ ഒടുക്കവും എൺപതുകളിലും ആയിരങ്ങൾ തടിച്ചുകൂടുമായിരുന്നു.



ഇടവയിൽ ജനിച്ചു കൊല്ലത്തു വളർന്ന ബഷീർ കുട്ടിക്കാലത്ത് മികച്ച കായികതാരം കൂടിയായിരുന്നു. പിന്നീടു വീണ്ടും സംഗീതത്തിലേക്കു തിരിച്ചുവന്നു. സ്വാതി തിരുനാൾ സംഗീത കോളജിൽനിന്നു ഗാനഭൂഷണം നേടി അതിൽ നിലയുറപ്പിക്കുകയും ചെയ്തു.

ഗാനമേള ട്രൂപ്പായ സംഗീതാലയയ്ക്കു ബഷീർ രൂപംനൽകിയത് നാലു പതിറ്റാണ്ടു മുമ്പാണ്. കേരളത്തിൽ ഇടവ ബഷീർ പാടാത്ത മണ്ണില്ലെന്നു പറയാറുണ്ട്. സംഗീതാലയ പാട്ടുകളുമായി അമേരിക്കയിലും കാനഡയിലും ഗൾഫിലുമെത്തി. വേദികളില്ലാത്ത ദിവസങ്ങൾ ചുരുക്കമായിരുന്നു അന്ന്. എന്നുമാത്രമല്ല, നാലുവേദികളിൽ വരെ പാടിയ ദിവസങ്ങളുണ്ട്. പതിനായിരത്തോളം ഗാനമേള വേദികളിൽ പാടി എന്നാണ് ഏകദേശ കണക്ക്. ചിലയിടങ്ങളിൽ കേൾവിക്കാരുടെ സ്നേഹപൂർവമുള്ള നിർബന്ധവുമായി വൺസ് മോർ വിളികൾ ഉയരും. അങ്ങനെ പല വേദികളിൽ ഒരേ പാട്ട് നാലും അഞ്ചും തവണവരെ പാടേണ്ടി വന്നിട്ടുണ്ട് ബഷീറിന്., ഒട്ടും മടുപ്പില്ലാതെയും മടുപ്പിക്കാതെയും. സിനിമകളിലും ബഷീർ പാടി. പാട്ടുകൾ ഹിറ്റുകളുമായി.

എഴുപത്തൊമ്പതാം വയസിൽ ഗാനമേളവേദിയിൽ മാനാഹോ തും എന്ന പാട്ടിന്റെ അവസാനത്തെ പല്ലവി പാടിത്തീരാൻ രണ്ടു വരികൾ മാത്രം ബാക്കിയുള്ളപ്പോഴാണ് ഇടവ ബഷീർ കുഴഞ്ഞുവീണത്. പാട്ടു പാടിത്തീർക്കാനുള്ള ക്ഷമ മരണം കാണിച്ചില്ല.

## പാട്ടുംപാടി മരണം

പ്രശസ്തരും അല്ലാത്തവരുമായ ഒട്ടേറെ ഗായകർ പാടുന്നതിനിടെ വേദിയിൽ വീണു മരിച്ചിട്ടുണ്ട്. അടുത്തകാലത്താണ് ഗായകൻ കൊല്ലം ശരത് കുഴഞ്ഞുവീണു മരിച്ചത്. മറ്റൊരു ഗായകനായ ഷാനവാസ് മരിച്ചത് ഏതാനും വർഷങ്ങൾക്കു മുമ്പാണ്.

മകളുടെ വിവാഹത്തലേന്ന് സ്നേഹവിരുന്നിനിടെ വേദിയിൽ പാട്ടുപാടുമ്പോൾ വീണു മരിച്ച പിതാവിനെയും ഈ അവസരത്തിൽ ഓർക്കാതെവയ്യ. രാക്കിളി പൊൻമകളേ എന്ന പാട്ടായിരുന്നു അദ്ദേഹം പാടിയിരുന്നത്. ഹൃദയത്തിന്റെ താളം പൊടുന്നനേ നിലച്ച് ആ പിതാവ് വിടവാങ്ങി.

മരണത്തിനെന്തു താളവും ശ്രുതിയും!

കവിത

മലവേട്ടുവ ഗോത്രഭാഷ .

# ഒരി വാക്ക്



നാളെനാന് ചത്ത്പോയങ്കി
അളന്ത് കുത്തിയെ ആറടി മണ്ണില് മൂടുണ്ണും
കത്ത്ണ തീയില് ചുട്ട്ക്കരിരിക്കല്ല .

ന്രങ്കിയെ മണ്ണില്
നുണഞ്ഞെ പച്ചെമണ്ണില്
കൂന്ത്റങ്കുണ്ണും
പുതുവ് നക്കി ചെതല് നക്കി
നാന് നാന് മണ്ണായിറ്റി മാറു ണ്ണും.

ചത്തന്നെ ന്ങ്ക
കത്തിച്ചിക്കളെയിണത് എന്ത്ങ്ക്
നാന് വെരയിലെ .

കൂക്കുവ പിരെപോലും ഇല്ലാത്തെ ഏക്ക്
ആറടിമണ്ണ് ചാന്തം വോണ്ണും .

തായി മണ്ണില് എന്നെറക്കി
തായിമണ്ണുചൂട്ടി പാടും.

.................

## ഒരു വാക്ക്.

(മലയാള പരിഭാഷ.)

നാളെ ഞാൻ ചത്തുപോയെങ്കിൽ
അളന്നുകുത്തിയ ആറടി മണ്ണിൽ മൂടണം.
കത്തുന്നതീയിൽ ചുട്ടുക്കരിക്കല്ലെ.

നിരങ്ങിയ മണ്ണിൽ
നുണഞ്ഞ പച്ച മണ്ണിൽ
കിടന്നുറങ്ങണം
പുഴുനക്കി ചിതൽനക്കി
ഞാൻ മണ്ണായി മാറണം.

ചത്തയെന്നെ നിങ്ങൾ
കത്തിച്ചു കളയുന്നതെന്തിന്
ഞാൻവരില്ല
കിടക്കാൻ ഒരു കൂടിൽ പോലുംഇല്ലാത്ത എനിക്ക്
ആറടിമണ്ണ് സ്വന്തം വേണം.

അമ്മ മണ്ണിലെന്നെയുറക്കി
അമ്മ മണ്ണ്പുതച്ചുപാടും.



**പ്രകാശൻ ചെന്തളം**
ഗോത്ര ഭാഷാ കവി
മലവേട്ടുവ–



# അസാന്നിധ്യം

കാലമേറെ ചെന്നാലും
ചിലത്
വിടവുകളായി തന്നെ -
അവശേഷിക്കും.
കാണാതായ കുന്നുപോലെ,
നികത്തി പോയ പാടം പോലെ,
വഴി മാറി പോയ പുഴ പോലെ.

സൗമ്യം ,
ചിലത് ദീപ്തം,
നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കും.
വീണ്ടും വന്നെങ്കിലെന്ന് വെറുതെ
തോന്നിപ്പിക്കും.
സംസാരിച്ചിരിക്കെ -
നഷ്ടപ്പെട്ടു പോയ നിനവ്.
തിരഞ്ഞിട്ടും കാണാത്ത മതിഭ്രമം
സ്മരണകളുടെ ഇരമ്പൽ.
കാലത്തിരയിൽ നിന്നൊര -
ടർന്നു വീഴൽ.

മറ്റുള്ളവരുടെ സംസാരത്തിലേക്ക്
ആരും വിളിക്കാതെ -
പല തവണ കയറി വരും.
കൂട്ടുചേരുന്നിടത്ത് നിത്യ-
വിഷയമായിരിക്കും.
സ്വപ്ന മാർഗ്ഗേ മാർഗ്ഗദർശിയാവും -
ചിലർക്ക്.
കടന്നു പോകുന്ന ജാഥക്ക് ആവേശം ബ
നൽകുന്ന പിൻനിര സ്വനമാവും.

പ്രണയം
തോന്നിയവളോട്,
ഒന്നു മിണ്ടാതെ
അടുത്തുവന്ന്
തിരിച്ചു പോവുന്ന,
നിഴലായി പിന്തുടരുന്ന
മായക്കാഴ്ച.

മറഞ്ഞു പോയിട്ടും
അടുത്തെവിടെയോ -
യുണ്ടെന്ന 'തോന്നലത്രേ
അസാന്നിധ്യം
അളക്കാനാവാത്തത്.....
പകരമില്ലാത്തത്.



ശ്രീജ വിജയൻ



# കൂടൊഴിയുമ്പോൾ...



ലേഖ കാക്കനാട്ട്

ഒരിക്കൽ പെറുക്കി കൂട്ടിയ
ഉണങ്ങിയ വേരുകളിലേക്കും
ചുള്ളിക്കമ്പുകളിലേക്കും
വീണ്ടും വീണ്ടും
തിരിഞ്ഞു നോക്കാതിരിക്കുക

കൂടെയുണ്ടാകുമെന്ന്
കൊക്കുരുമ്മി പറഞ്ഞയാളുടെ
കൂട്ടത്തിലൊരുവളെന്ന
തിരിച്ചറിവിനെ
ചതിയെന്ന് പലയാവർത്തി
മന്ത്രിക്കാതിരിക്കുക

ഒറ്റയ്ക്ക് അടയിരുന്നതിന്റെ
ഉൾച്ചൂടിൽ
ഇനിയും
വെന്തുരുകാതിരിക്കുക

ആകാശകാഴ്ചകൾക്കായി
പറന്നകന്ന
ജീവാംശങ്ങൾ
തിരികെ വരില്ലെന്ന്
ആവർത്തിച്ചുറപ്പിക്കുക

ആറ് ഋതുക്കളിലും
അന്നമൂട്ടിയ കരിനീലകായ്കളുള്ള
പേരറിയാത്ത മരത്തിനെ
ഒരു വട്ടം സ്മരിക്കുക

ഒന്നേ നിനക്കേണ്ടൂ ...
കൊഴിഞ്ഞ തൂവലുകളാണ് സത്യം
ബാക്കിയെല്ലാം...
ജീവനില്ലാത്ത
കുറുകലുകൾ...

# കാത്തിരിപ്പ്



കാത്തിരിപ്പിനൊടുവിൽ..
ഞാനൊരു നിശാശലഭത്തെപോൽ
നിന്നിലലിഞ്ഞു ചേർന്നൊരാ
നിമിഷം ഓർത്തെടുക്കുകയാണിന്ന്..!
നോക്കൂ.. പാതിയിൽ വെന്തപൂവുപോൽ
അർദ്ധചന്ദ്രൻ സമ്മാനിക്കും നരച്ച
പുഞ്ചിരിയ്ക്കുപോലും വിഷാദത്തിന്റെ
കറുത്ത വലയങ്ങളാൽ ആവരണം
ചെയ്യപ്പെട്ട വിലാപങ്ങളുയരും പോലെ..
ചൂടിൻെറ ആലസ്യം വിട്ടകന്ന ഭൂവിൽ
വീശുമിളം കാറ്റുപോലും അവശത-
യോടെന്തോ ചൊല്ലാനാശിപ്പൂ..
നീതിദേവതകൾ കണ്ണടയ്ക്കുമീ
പകൽ വെളിച്ചത്തിലിപ്പോഴും
രക്തത്തിൻെറ ചുവന്ന കറപ്പാടുകൾ
തളംകെട്ടി നിൽപ്പുണ്ടത്രേ..
നന്മയുടെ.. സ്നേഹത്തിൻെറ..
മൊഴിമുത്തുകളുമായി വഴികളിൽ
പുതുവസന്തം വരുമെന്നു കാതോ-
ർത്തു കാത്തിരിപ്പാണു ഞാൻ.!



ദിവ്യ സി ആർ

# വാക്കുകളാൽ...

ഒരു കുട്ടി,
തിരകളിൽതിരഞ്ഞുകൊണ്ടിരിക്കുന്നു വാക്കുകളെ !
നാക്കിലൂടെ വാക്കിന്റെ എരിവ്
വേരുകൾപോലെ അരിച്ചുകയറുന്നു

വേവുന്ന ഒരു കുന്നായവൻമാറുന്നു
മടിയുടെ അടിവേര് പിഴുതെടുക്കുന്നു
ആഴിയുടെ അഗാധതയിൽന്നും
പൂഴിയുടെ പുരാതനതയിൽനിന്നും –
വാക്കുകൾ നുരയുന്നു

വാക്കുകളെക്കുറിച്ച് നിങ്ങൾ ഓർത്തി –
ട്ടുണ്ടോ:
അനേകംമരങ്ങൾ കാറ്റിലിളകുന്ന ശബ്ദം –
പോലെ
ഏതോ കൊമ്പിൽമുളയ്ക്കുന്ന തളിരില –
പോലെ
നക്ഷത്രങ്ങൾ പൂത്തിറങ്ങുന്നപോലെ

വാക്കുകൾ ശിക്ഷയും, ശിക്ഷണവുമാണ്
ചിലവാക്കുകൾ മനസ്സിനെമാത്രമല്ല –
ശരീരത്തേയും ഊമയാക്കും
ചിലത് വേരുകളാൽ വരിഞ്ഞുമുറുക്കും
വാക്കിന്റെവനത്തിൽ ഒറ്റയ്ക്ക് ഉപേക്ഷിക്കും

നിശ്ശബ്ദമായ ചിലവാക്കുകൾ കുറ്റസമ്മതമാണ്
വേറെചിലത് കടലാസിൽ അലഞ്ഞുതിരിഞ്ഞ്
ആശയക്കുഴപ്പമുണ്ടാക്കുന്നവ
വാക്കുകൾ എത്ര പെട്ടെന്നാണ് വാദിയും,
പ്രതിയുമാകുന്നത്.



രാജു കാഞ്ഞിരങ്ങാട്



# മൂന്ന് കവിതകൾ

## ഒന്ന്

.......
കാട്ടിൽ നിന്നും
കാറ്റിൽ പറന്നെത്തും
ഒരു പച്ചിലയാണ് തത്ത

## രണ്ട്

.........
പുഴ വറ്റിയതെത്ര നന്നായെന്നവൻ.
കാല് നനയ്ക്കാതെയെത്തീടാം
വീട്ടിലേക്കെന്നും രാത്രിയിൽ.

## മൂന്ന്

..........
കുന്നിടിച്ച്
പുഴ നികത്തി
പാലം പണിയാൻ വന്ന യന്ത്രപ്പറ്റങ്ങളെ
വഴിയിൽ തട ഞ്ഞൂ,
പറവകൾ ,പൂമ്പാറ്റകൾ
പുഴയിലെ മീനുകൾ.
അവയ്ക്കൊപ്പം നിന്ന്
സെൽഫിയെടുക്കാൻ മത്സരിച്ചു
നാണംകെട്ട് ചിലർ
................




അബ്ദുള്ള പേരാമ്പ്ര

# കുപ്പായം



രാജൻ സി എച്ച്

എനിക്കൊരു കുപ്പായം
തുന്നിത്തരികെൻ തുന്നൽക്കാരാ
ഒട്ടും കൂടരുതക്കുപ്പായം.
ഒട്ടും കുറയരുതക്കുപ്പായം.
ഒട്ടും ഒട്ടരുതക്കുപ്പായം.
പട്ടായ്ത്തോന്നരുതക്കുപ്പായം.
ഇട്ടാൽക്കാണരുതക്കുപ്പായം.
തൊട്ടാൽത്തോന്നരുതക്കുപ്പായം.
വെട്ടം കാട്ടരുതക്കുപ്പായം.
വാട്ടം തോന്നരുതക്കുപ്പായം.
അലയായ്ത്തോന്നണമക്കുപ്പായം.
ഉലകിൽക്കാണരുതക്കുപ്പായം.
ഉള്ളം നോവരുതക്കുപ്പായം.
പൊള്ളെന്നാവരുതക്കുപ്പായം.
കാണാച്ചേലരുതക്കുപ്പായം.
കണ്ടാൽക്കൊള്ളരുതക്കുപ്പായം.
വേഷം കെട്ടരുതക്കുപ്പായം.
ദോഷം തോന്നരുതക്കുപ്പായം.
ആശയ്ക്കപ്പുറമക്കുപ്പായം.
ഭാഷയ്ക്കാവരുതക്കുപ്പായം.
തുന്നൽപ്പാടരുതക്കുപ്പായം.
തന്നാലാവരുതക്കുപ്പായം.
തുന്നിത്തരികെൻ
തുന്നൽക്കാരാ,
എന്നുയിരു മറയ്ക്കാൻ
ഉടലായൊരു കുപ്പായം.
ഉടയാതൊരു കുപ്പായം.



കവിത

# വായ്ക്കരി..





**അലീഷ മാഹിൻ**

കഞ്ഞിയിൽ കണ്ണീരുപ്പ് കലർന്ന് കലർന്ന്
വിശപ്പാകെയും കെട്ടുപോയിരിക്കുന്നു..
കണ്ണാടിച്ചില്ലുകളിൽ കാണുന്നതൊക്കെയും
പൊട്ടിതകർന്ന ജീവിതത്തിന്റെ അവശേഷിപ്പുകളായിരുന്നു..

ഉറുമ്പ് കടിക്കുന്ന നീറ്റല് മുതൽ
സിരകളിലേക്ക് മരുന്ന് കയറുന്നതും
പച്ചമാസം കീറിമുറിക്കുന്നതുമെല്ലാം ഒരേ വേദന പോലെ....

മരവിച്ച ശരീരത്തിൽ മരിച്ച മനസ്സുമായി
അവിടെയൊരാൾ ജീവിക്കുന്നു..
ആരോ ഒരാൾ വന്നു കയറിയതോ??
ഏതോ ഒരാൾ പടിയിറങ്ങിപ്പോയതോ??..
ആകെ തകർന്നു പോയ് കഴിഞ്ഞിരിക്കുന്നു...

വിശപ്പില്ലയെങ്കിലും അത്താഴത്തിനൊരു പിടി അരി കരുതണം..
അടുപ്പ് കത്തിയില്ലയെങ്കിലും,,
കഞ്ഞി വെന്തില്ലയെങ്കിലും,,
അന്തരിച്ചുവെന്നറിയുമ്പോൾ
വായ്ക്കരിയിടാൻ
അരിയുണ്ടായിരുന്നില്ലെന്ന്
പിന്നീടവർ അടക്കം പറയരുത്....

# 'എഴുത്തു പീഠം'



വീട്ടിൽ നിന്നും
കാട്ടിലേയ്ക്കൊരു
യാത്രയാണേ...

വീടു മറന്നുള്ള,
നാടു മറന്നുള്ള,
ദുരിതങ്ങൾ മറന്നുള്ള
യാത്രയാണേ...

നാട്ടിലെ
കുനുട്ടും കുശുമ്പും
മറന്നുള്ള യാത്രയാണേ...

കാട്ടിനുള്ളിൽ
മറ്റൊരു കാലം
കഴിക്കാനായ്,
പുനർജ്ജന്മത്തിൽ
വിശ്വസിക്കാത്ത
എനിക്കെന്തർഹത?

അറിയാം...
തിരിച്ചെത്തിയാൽ
ഉടൻ കാടിനെ മറക്കും...

നാടിന്റെ
കുതന്ത്രക്കുരുക്കിൽ
വീർപ്പുമുട്ടും!

പോരാളിയാകാതെ
പുഴുവായി
മണ്ണിൽ ലയിക്കും...

കാടു കരയുമ്പോഴും
ചൂഷണലഹരിയിൽ
നാടുമയങ്ങും
കാലമല്ലേ...

എന്നു തീരുമീ
കാപട്യക്കാലം?

യുദ്ധവെറിയന്മാരുടെ
ലോകമല്ലേ...
കാടിന്റെ രോദനങ്ങ,
ളാരുകേൾക്കാൻ?

കാട്ടിലെത്തിയപ്പോ,
ളാധുനികനാ,
മെന്റെയുള്ളിൽ
കൂടുകൂട്ടി,
യൊരതിമോഹം!

കാടിനെക്കുറിച്ചൊരു
മഹാകാവ്യമെഴുതണം...

വ്യാസനെ,
വാല്മീകിയെ,
കാളിദാസനെ,
വെല്ലും മഹാകാവ്യം!

അതിനു വേണ,
മൊരെഴുത്തു പീഠം?

മുറിച്ചിട്ടു...
ഏറ്റവും പ്രായം കൂടിയ
മരമുത്തശ്ശനെ...
പീഠമൊരുക്കി
എഴുതാനിരുന്നപ്പോൾ...

സ്വപ്നത്തിൽനിന്നും
ഞെട്ടിയുണർന്നു!...

കാറ്റിലൊരു
വടവൃക്ഷം,
നടുവൊടിഞ്ഞു
വീഴുന്നതിന്റെ,
നെഞ്ചു തകരും
ശബ്ദമല്ലേ?

എന്നിട്ടും
ഞാനെന്തേ കരഞ്ഞില്ല?
ഒന്നു നെടുവീർപ്പിടുക
പോലുമുണ്ടായില്ല!

എങ്കിലു,മടുത്ത
കവിതാ ക്യാമ്പിന്റെ
ദിവസമടുത്തു
വരുന്നതിന്റെ,
യാവേശത്തി,
ലൊന്നു മയങ്ങട്ടെ!...

മരമുത്തശ്ശൻ,
കവിതാപീഠമായി
പരിണമിക്കുന്ന
സ്വപ്ന,മൊന്നുകൂടി
കണ്ടെങ്കിലോ?



ചാക്കോ ഡി അന്തിക്കാട്





നിഥിൻകുമാർ ജെ പത്തനാപുരം

# നാല് കവിതകൾ

## 1. പരിഭവം

****

പെയ്തു തീരാത്ത മഴയോട്
ഞാനെന്റെ പരിഭവങ്ങൾ പറഞ്ഞു.
ഇളം കാറ്റായി വന്ന് തഴുകി
കിന്നാരം ചൊല്ലി മറഞ്ഞ
പനിനീർ പൂവിന്റെ
ചന്തമുള്ള പെണ്ണിനെ പറ്റി.

പെയ്തൊഴിഞ്ഞ മഴ
വാനം നോക്കി പറഞ്ഞു,
നനഞ്ഞ ഹൃദയങ്ങൾ
ഇന്നാർക്കും വേണമെന്നില്ല..
വിലചൊല്ലി നൽകുവാൻ
സ്നേഹമല്ലാതെയെന്തുണ്ട്
ഹൃദയത്തിൽ....

## 2. കവിത പോലെ

******

കവിതപോലെ പരസ്പരം
ചൂടുള്ളതും കുളിരുള്ളതുമായ
ഓർമ്മകൾ പങ്കിടാൻ
കഴിയുന്നൊരു പൊരുളും
ഞാനെന്റെ യാത്രയിൽ കണ്ടില്ല.

## 3. കണ്ണാടി കണ്ട ലോകം

*******_*_

കണ്ണാടിയെന്നും
കരളിനോട് ചേർത്തും ഉടലിനെ
പൊതിഞ്ഞും കരുതിവെച്ചിരുന്നത്
ചിലപ്പോൾ ഓർക്കാറുണ്ട്..
നാളെ ഞാനെന്റെ ഹൃദയം
തുറക്കുമ്പോൾ
കണ്ണാടി മുഖത്തോട് ചേരും.
ലോകത്തെ കാണും.

## 4. മൗന സമയം

*****

സമയനൊമ്പരങ്ങൾ
അല്പനേരമായി മൗനമാണ്.
ഘടിക്കാര കൃഷ്ണമണികൾ
ചുറ്റും പാഞ്ഞു നടന്നു.
നഷ്ടസമയത്തെയോർത്ത്
മൗനമായ നൊമ്പരങ്ങൾ
സമയരാക്ഷസനെ
പിടിച്ചുക്കെട്ടിയൊരുനാൾ.



ജയപാലൻ കാര്യാട്ട്

# കൊടിപ്പടം

കൊടുംവേനൽ കരിച്ചുണക്കി ദാഹനീർ
കൊതിച്ചു കൂപ്പുകയ്യുയർത്തി കേഴവേ,
മലകളിൽ മുകിലിടിച്ച മേളത്തിൻ
മഴക്കുളിർ കനത്തുണർവ്വായെത്തവേ,
തരിച്ചുപോയുള്ളമുണർന്നു ജീവന്റെ
തുടിപ്പുകൾ പൊട്ടിമുളച്ചുണരവേ,
തളിരിലകളെത്തഴുകി മാരുതൻ
ചിരിക്കുരുന്നിൻ പൂങ്കുല വിടർത്തവേ,
മതിമറന്നോടിയെടുത്തു തേൻകണം
മഹിതമീഭൂവിൻ പെരുമ ചാർത്തവേ,
അടുത്തൊരാളെടുത്തുയർത്തി നാൾക്കുനാൾ
പെരുത്തുയർച്ചതൻ പടികൾ കേറവേ,
ചിരിപ്പടപ്പുകളുണർത്തും ജീവന്റെ
തിരിതെളിച്ചുയിർ കുതിച്ചുയരവേ,
വിയർപ്പുമുത്തുടൽ പടർന്നുണർവ്വുമായ്
വിളകൾ കൊയ്തവരണിചേർന്നെത്തവേ,
കൊതിച്ചുപോയ് കുതിപ്പുയർത്തി നാടിന്റെ
കൊടിപ്പടം വീണ്ടുമുയർത്തി നാട്ടുവാൻ!



# വീട് വാടകയ്ക്ക്



സജിത് കുമാർ

എന്നും ഓഫീസിൽ നിന്ന്
തിരിച്ചു വരുന്ന വഴിക്ക്
ആ വീടും
ഗേറ്റിൽ തൂക്കിയിട്ടിരിക്കുന്ന ബോർഡും
കാണും.
'വീട് വാടകയ്ക്ക്'.

ഒരു ദിവസം പൂട്ടാത്ത ഗേറ്റ് തുറന്ന്
മുറ്റത്ത് നിന്ന് വിളിച്ചു,
'വീട്ടുകാരേ '

ആരും വന്നില്ല.

കുറച്ചുനാൾ കഴിഞ്ഞ് പിന്നെയും
കയറിച്ചെന്ന് വിളിച്ചു,
'വീട്ടുകാരേ '.

ആരും വന്നില്ല.

കുറച്ചുനാൾ കഴിഞ്ഞ് പെട്ടിയും
കിടക്കയുമായി വീണ്ടും ചെന്നു വിളിച്ചു,
' വീട്ടുകാരേ '.

ആരും വന്നില്ല.

പൂട്ടാത്ത ഉമ്മറവാതിലിലൊന്ന്
തൊട്ടപ്പോഴേക്കും തുറന്നു പോയി.

പെട്ടി മുറിയുടെ മൂലയ്ക്ക് വച്ചു.

കിടക്ക മുറിയുടെ നടുക്ക് വിരിച്ചു.

പിന്നെ കിടന്ന് മതിമറന്നൊന്നുറങ്ങി.

ഉറക്കം കഴിഞ്ഞപ്പോൾ റോഡിലേക്കൊന്നു നടന്നു.


ഗേറ്റിൽ തൂക്കിയിട്ടിരുന്ന ബോർഡ് അപ്രത്യക്ഷം.

തിരിഞ്ഞ് ഞാനെന്റെ വീടിനെയൊന്നു നോക്കി.

വീട് ചിരിച്ചുകൊണ്ട് വിളിച്ചു,
'വായോ'.

ഞാൻ ഓടിച്ചെന്ന്
വീടിനെ കെട്ടിപ്പിടിച്ചു.

വീട് ചുമരുകൊണ്ടെന്റെ കണ്ണീർ തുടച്ചെടുത്തു.



# വിചിത്ര ഭാഷ!



അമീന ബഷീർ
ബ

നീണ്ട പ്രാർത്ഥനകൾക്കൊടുക്കമാണ്
ഒടുവിലവൾ ശാന്തമായ തിരമാലകൾക്കു
കാതോർത്തത്..
നീന്തിത്തുടിക്കുന്ന ജലദൂരങ്ങൾക്കുമപ്പുറം
ഒരൊഴുക്ക്,
അവളിലേക്ക് വലിയൊരു പുതിയലോകം
വാതിൽ തുറന്നത്
വഴിതെറ്റിപ്പോകുന്ന അന്യമായ
ആസ്പത്രി മുറികളിൽ
അവൾ കയറിയിറങ്ങി..
അവിടെയാണ് തന്റെ പ്രിയപ്പെട്ടവർ..
വീണ്ടും വഴിപിഴക്കുന്നു..
നെഞ്ചിലെ പിടച്ചിലുകളിൽ
ഒരു വഴിദൂരം
തനിക്കു പ്രിയപ്പെട്ടവരകലെ..
ഉദ്വേഗനിർഭരമായ ഒരു പദപ്രശ്നം
കണക്കേ,
അവളതിൽ ഉയർന്നുണർന്നു
നിലവിളിച്ച്..
മിഴിതുറന്നപ്പോൾ കണ്ടത്

ഉമിനീർ മറന്ന തൊണ്ടക്കുഴികളെ
വിയർത്തു കുളിച്ച അവളുടെ
വിരിപ്പുകളെ
എവിടെയോ വീണ്ടും പിന്നിലേക്കു
ആലോലമാടുന്ന തിരമാലകളെ,
അവയെ മാറിവകഞ്ഞു അലക്ഷ്യമാ-
യൊഴുകുന്ന ഒരു ചങ്ങാടത്തെ!
സ്വപ്നങ്ങൾ നമുക്കറിയാത്ത
വിചിത്ര ഭാഷകളാണ്
ഒരിടത്തു ജീവിച്ചു മരിച്ചു
ഉയിർത്തെഴുന്നേറ്റാൽപ്പോലും
തിരിയാത്ത
നാടകീയത നിറഞ്ഞയീ
ജീവിതം പോലെ..
ഓരോ പകലിന്റെയറ്റത്തും
കോർത്തു കെട്ടിയ
തസ്ബീഹു മാലകൾ പോലെ!

# വേനലാവധിയ്ക്ക് വന്നുപോകുന്ന വീട്

വേനലാവധിയ്ക്ക്
കുടുംബം
വരുംമ്പോൾ
വീടുമായി വരുന്നു.

പിന്നെ ഫ്ലാറ്റിലാകെ
ഞാൻ നട്ടചെടികൾ,
തൈമാവ്,
തൊടിയിലെ കിളികൾ,
കിണറ്റിലെ കുളിർ വെള്ളം
എന്റെ മിന്നുയെന്ന
പൂച്ച,
അവളുടെ കുഞ്ഞുങ്ങൾ,
മതിലിലിരുന്നു
വിരുന്ന് വിളിക്കുന്ന കാക്ക
മുറ്റത്തെ കൊന്ന,

കുടുംബം
തിരിച്ചു പോകുമ്പോൾ
അവരുടെ കൂടെ വീടും
തിരിച്ചു പോകുന്നു
പിന്നെ ഞാനൊരു
യന്ത്രമാകുന്നു
നാലുച്ചുവരുകൾക്കിടെയിലെ
വെറുമൊരു യന്ത്രം



ബൈജു റാഫേൽ



# മഴഭാവങ്ങൾ



ബീന ബിനിൽ

പ്രണയത്തിൽ മഴയ്ക്ക് എന്നും
ഒന്നാം സ്ഥാനമുണ്ടല്ലോ, പ്രണയിനിയായ്,
കാമുകിയായ്, വശ്യമനോഹരിയാം
വിവിധമാം ഭാവങ്ങൾ,

മന്ദമാരുതനിൽ പൊടിയായ് പാറി വരും
മഴയെ ഏവർക്കും ഏറെ പ്രിയം

ചാറ്റൽമഴയെ എന്നും കുഞ്ഞു ബാലികമാർ
പാദത്തിൽ അണിയുന്ന പാദസര
കിലുക്കത്തിനോടൊപമിക്കാം

ചന്നം പിന്നം പെയ്യുന്ന മഴയെ വായാടി
പെണ്ണായും, വാശിപിടിക്കുന്ന പൈതലിൻ
ഭാവമായും താരതമ്യം ചെയ്യാമല്ലോ

ചരൽ വാരിയെറിയുന്നപോൽ പെയ്യുന്ന
മഴയെ കോപത്താൽ ഉഗ്രരൂപിയായ
അച്ഛനായും, അമ്മാവനായും കണക്കാക്കാമല്ലോ

ഇളംവെയിലോടു കൂടി പെയ്യുന്ന മഴയെ
നിശബ്ദയായി ദുഃഖത്തെ അടക്കിപിടിച്ച്
കരയുന്ന അമ്മയായും, ഭാര്യയായും,
പെങ്ങളായും സങ്കല്പിക്കുന്നതുത്തമം.

കവിത

# അവൾ



രേഖ സി.ജി.

മിഴിനീരിൽ കുതിർന്നവളെ
തുടച്ചെടുക്കാൻ
ആകാശവുമായി വരിക.
നക്ഷത്രങ്ങളും കൊള്ളിമീനുകളും
അവളിലൂടെ നീന്തിയൊഴുകട്ടെ ..

മൃതയാനങ്ങളിൽ ഊഞ്ഞാലിട്ടു
കടലിന്റെ അങ്ങേയറ്റത്ത്
നങ്കൂരമിടുക.
ആകാശപ്പറവകളിൽ
കൊരുത്ത്
കൊഴിയാൻ വെമ്പുന്ന
മഴമേഘങ്ങളിൽ ഒലിച്ചുപോകട്ടെ .

തിരിച്ചെടുക്കാനാകാത്ത
സ്വപ്നങ്ങൾക്ക്
ചിറകു തുന്നുമ്പോൾ
കരിഞ്ഞുപോയ നിറങ്ങൾ
കൂട്ടിത്തുന്നാതിരിക്കുക.
നിറക്കൂട്ടുകളാൽ ചാലിച്ച്
ആകാശക്കാഴ്ചയിലേയ്ക്ക്
ചിറകുകൾ വീശി പറക്കട്ടെ .

പറയാൻ കൊതിച്ച വാക്കുകളിൽ
ചില്ലക്ഷരങ്ങളാൽ
കൊളുത്തിവലിക്കാതിരിക്കുക.
ഒറ്റവാക്കിലെ അക്ഷരങ്ങൾ കൊണ്ടുമാത്രം
കൂട്ടക്ഷരങ്ങൾ നഷ്ടപ്പെടാതിരിക്കട്ടെ

ആത്മഗതത്തിന്റെ ചില്ലയിൽ
തളിരിട്ട ഒരോ മാങ്കുരുന്നിലയും
അതിജീവനത്തിന്റെ
ഗതിവേഗമന്ത്രം ഉരുവിട്ടട്ടെ ...





# ആടുകൾ

ഭൗമിനി

മരപ്പലകകൾ കൊണ്ടു നിർമ്മിച്ച അലമാരയിലെ ഏറ്റവും മുകളിലെ തട്ടിലായ് പണ്ടെങ്ങോ വായിച്ചു തള്ളിയ പുസ്തകം തിരയുമ്പോഴാണ് അവൾ ഷെൽഫുകൾക്കിടയിലൂടെ നടന്നുവരുന്നത് അയാളുടെ ശ്രദ്ധയിൽപ്പെടുന്നത്. അവളെ കണ്ടപ്പോൾ അയാൾ പുഞ്ചിരി തൂകുകയും സ്വന്തം ചെയറിലേക്കു മടങ്ങുകയും ചെയ്തു. പുറത്ത് വെയിലിന്റെ ചൂട് കുറഞ്ഞു തുടങ്ങിയിരുന്നു. പബ്ലിക് ലൈബ്രറിയുടെ ടെറസിലേയ്ക്ക് ചാഞ്ഞുനിന്നിരുന്ന വാകയിൽ നിന്നും മഞ്ഞ നിറമുള്ള പൂക്കൾ തണുത്ത കാറ്റിൽ പൊഴിഞ്ഞു വീഴുന്നുണ്ടായിരുന്നു.

’കണ്ടിട്ട് കുറേക്കാലമായല്ലോ?‘

അവളുടെ കയ്യിൽ നിന്നും പുസ്തകം വാങ്ങി റെക്കോഡ് ബുക്കിൽ സീൽ പതിപ്പിക്കുന്നതിനിടയിൽ അയാൾ തിരക്കി.

‘രണ്ടു മാസമായി ഇവിടെ ഇല്ലായിരുന്നു. ഹസിന്റെ അടുത്തു പോയിരുന്നു.‘

‘പ്രിയതമന്റെ കൂടെ ഗൾഫ് ചുറ്റിക്കറങ്ങിയിരിക്കുമല്ലോ?‘

അവൾ പുഞ്ചിരി തൂകിക്കൊണ്ട് പുസ്തകത്തിന്റെ പുറംചട്ടയിലൂടെ കണ്ണുകളോടിച്ചു.

‘ആടുജീവിതം എത്ര അർത്ഥവത്തായ പേരാണല്ലേ? ഇതിന്റെ പുറംചട്ടയിൽ

ബെന്യാമിൻ പറഞ്ഞിട്ടുള്ള വാക്കുകൾ എത്രമാത്രം സത്യമാണ്!‘

അയാൾ അവളെ ചോദ്യഭാവത്തിൽ നോക്കി.

'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്'

എന്ന് അങ്ങനെ പറഞ്ഞുകൊണ്ട് അയാളുടെ മിഴികളിലേക്ക് അവൾ സൂക്ഷിച്ചു നോക്കി.

'തീർച്ചയായും, നൂറുശതമാനവും സത്യമായ കാര്യം തന്നെ. നാം അഭിനയിച്ചു തീർക്കുന്നത് നമ്മുടെ ജീവിതമല്ലേ? മറ്റൊരാളിന്റെ ജീവിതം നമ്മെ സംബന്ധിച്ച് കടംകഥയാണ്.

'ശരിയാണ് ആർക്കും ഒരു സൊല്യൂഷൻ പറഞ്ഞു തരാൻ സാധിക്കാത്ത കടംകഥ. അതിൽ ഏതൊക്കെയോ വഴികളിലൂടെ എങ്ങനെയൊക്കെയോ സഞ്ചരിച്ച് ചിലർ വിജയിക്കുന്നു.

ചിലരാകട്ടെ, മുടന്തി മുടന്തി ഓരോ ദിനവും തള്ളിനീക്കുന്നു.'

അവൾ നെടുവീർപ്പിട്ടു.

'അതല്ലേ, ജീവിതം. അല്ല, ഈ സ്റ്റോറി താൻ വായിച്ചിട്ടുണ്ടല്ലോ പിന്നെയും എന്തിനാണ് ഇതെടുക്കുന്നത്? വായിക്കാത്ത എത്രയോ കഥകളുണ്ട്, അതിലൊരെണ്ണം സെലക്ട് ചെയ്തൂടെ?'

'ഇതിൽ ജീവിതത്തിന്റെ സങ്കീർണ്ണത കൃത്യമായി പറഞ്ഞിരിക്കുന്നു. അതിന്റെ ചുഴിയും തിരയുമെല്ലാം ആഴത്തിൽ വരച്ചിട്ടുമുണ്ട്. കൂടാതെ മനുഷ്യരെ ആടുകളോട് സാമ്യപ്പെടുത്തിയിരിക്കുന്നത് വല്ലാതെ ആകർഷിച്ചു. ഒന്നു ചിന്തിച്ചു നോക്കിയാൽ മനുഷ്യരെല്ലാം ആടുകളല്ലേ? കയറിന്റെ അറ്റം കുറ്റിയിൽ കൊളുത്തിയിട്ടുണ്ടെന്നറിയാതെ ഒരു നിശ്ചിത പരിധിക്കുള്ളിൽ ചുറ്റിത്തിരിയുന്നവർ. ഒടുവിൽ മോചനമില്ലെന്നറിയുമ്പോൾ രക്ഷപ്പെടാൻ വ്യഗ്രത കാണിക്കുകയും ആ കയറിൽത്തന്നെ കുരുങ്ങി ജീവിതം അവസാനിപ്പിക്കുകയും ചെയ്യുന്ന ആട്ടിൻപറ്റങ്ങൾ!'

അവളുടെ കൺകോണുകളിലായ് ഒരു കടൽ രൂപപ്പെടുന്നത് അയാൾ ശ്രദ്ധിച്ചു.

'നമുക്ക്, എല്ലാത്തിൽ നിന്നും പൂർണ്ണമായ മോചനം സാധ്യമാണോ? അത് അസാദ്ധ്യമാണെന്നു ഞാൻ കരുതുന്നു.'

'ചില കാര്യങ്ങൾ നിർവചിക്കുന്നതും നിയന്ത്രിക്കുന്നതും

അസാധ്യം എന്ന വാക്കിനോട് സമരസപ്പെട്ടു കൊണ്ടാണല്ലോ? എന്തുകൊണ്ടാണ് അങ്ങിനെയെന്ന് എനിക്ക് മനസ്സിലാകുന്നില്ല?'

അവൾ കൈകൾ കൂട്ടിത്തിരുമ്മുകയും വല്ലാതെ അസ്വസ്ഥയാവുകയും ചെയ്യുന്നുണ്ടായിരുന്നു.

'ജീവിതത്തിൽ ചില കാര്യങ്ങളോട് നാം സമരസപ്പെടേണ്ടതല്ലേ?'

അയാൾ ഒരു വാഗ്വാദത്തിനായി തയ്യാറെടുക്കുകയായിരുന്നു.

'നമ്മുടെ ഇഷ്ടങ്ങൾ, നിലപാടുകൾ, ഇവയെല്ലാം വേണ്ടെന്നു വച്ച് ജീവിതത്തോട് പൊരുത്തപ്പെടുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ആത്മവഞ്ചനയാണത്.'

'ജീവിതത്തിൽ എല്ലാ ഇഷ്ടങ്ങളും നിറവേറാനുള്ളതാണോ? ചില ഇഷ്ടങ്ങൾ സ്നേഹിക്കുന്നവർക്കായി ത്യജിക്കുമ്പോൾ നാം ഉന്നതിയിലെത്തുന്നില്ലേ?.'

'എന്താണ് ഉന്നതി കൊണ്ട് അർത്ഥമാക്കുന്നത്?

നമ്മെത്തന്നെ ബലി കൊടുത്ത് നേടുന്ന ഉയർച്ചയിലെന്തു കാര്യം?'

'ഇതെല്ലാം ഓരോരുത്തരുടേയും കാഴ്ച പോലിരിക്കും.'

'എത്ര എളുപ്പത്തിലാണ് ചില കാര്യങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്?'

'വ്യാഖ്യാനിക്കുന്നതല്ല. ഞാൻ പറഞ്ഞത് ഇതെല്ലാം കാഴ്ചയുടെ പ്രശ്നമാണെന്നാണ്. ഒരു കാര്യത്തിനെ രണ്ടു രീതിയിലും സമീപിക്കാം. പ്രാക്ടിക്കലായി കാണുന്നവർ പോസിറ്റീവ് തിരഞ്ഞെടുക്കും. അല്ലാത്തവർ നെഗറ്റീവും.'

'നമ്മുടെ ഇഷ്ടങ്ങളെ ഇല്ലാതാക്കുമ്പോൾ അതിൽ എത്രമാത്രം പോസിറ്റിവിറ്റിയാണുള്ളത്. എന്നിട്ട് അതിനെ പ്രാക്ടിക്കൽ എന്ന് ഓമനപ്പേരിട്ട് വിളിക്കുന്നതിൽ എന്തു അർത്ഥമാണുള്ളത്?'

അവളുടെ സംഭാഷണം അയാളെ മുഷിപ്പിക്കുകയും അതിന് വിരാമമിടുവാനും അയാൾ നിശ്ചയിച്ചു. പലപ്പോഴും അവളങ്ങനെ തന്നെയാണ്, മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കില്ല. തക്ക സമയത്ത് ഒരു യുവാവ് പുസ്തകവുമായി വരികയും അയാൾ അതു പരിശോധിക്കുകയും ബുക്കിൽ തീയതി രേഖപ്പെടുത്തി സീൽ വെയ്ക്കുകയും ചെയ്തു. അവൾക്കാകട്ടെ സംസാരം മുറിഞ്ഞു പോയതിൽ വല്ലാത്ത നീരസം തോന്നി. അവൾ അയാളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. പക്ഷേ അയാളാകട്ടെ റെക്കോഡ് ബുക്കിനുള്ളിലേയ്ക്ക് മുഖം പൂഴ്ത്തിക്കളഞ്ഞു. ആ പ്രവൃത്തി കണ്ടപ്പോൾ അയാളൊരു ആമയാണോ എന്ന ചിന്ത അവളുടെ മനസ്സിലുദിച്ചു. മനുഷ്യരെല്ലാം ചില സമയങ്ങളിൽ ആമയെപ്പോലെയും പെരുമാറാറുണ്ട്. അത് അവരുടെ കുറ്റമല്ല. തികച്ചും സ്വാഭാവികമായ പ്രകടനം മാത്രമാണ്. അവൾ ഇച്ഛാഭംഗത്തോടെ പുസ്തകവുമായി പുറത്തേയ്ക്കു നീങ്ങി.

അവൾ പുറത്തേക്കു പോയെന്നു ഉറപ്പുവരുത്തിയതിനു ശേഷമാണ് അയാൾ തല പൊക്കിയത്. ഇനി അവളുമായി അതിരുകവിഞ്ഞ സംസാരമില്ലെന്ന് അയാൾ തീരുമാനിച്ചു. അവളൊരു അപകടകാരിയായ സ്ത്രീയാണെന്നും കൂർത്ത പല്ലുകൾ പോലെയുള്ള അവളുടെ ചോദ്യങ്ങൾക്കിടയിൽപ്പെട്ട് താൻ ഞെരിഞ്ഞമരുന്നതായും അയാൾ സങ്കല്പിച്ചു. കട്ട പിടിച്ചു കിടന്നിരുന്ന ഇരുളിന്റെ പാളികളെ കീറിമുറിച്ച് വഴി വിളക്കുകൾ തെളിഞ്ഞു തുടങ്ങിയിരുന്നു. വഴിവക്കിലെ തട്ടുകടയിൽ നിന്നും എന്തൊക്കെയോ കഴിച്ചെന്നു വരുത്തി മുറിയിലേക്ക് പോകുമ്പോഴും അയാൾ അവൾ പറഞ്ഞ വാക്കുകൾക്കിടയിലൂടെ സഞ്ചരിക്കുകയായിരുന്നു. ചിലപ്പോൾ അവൾ തെളിഞ്ഞൊഴുകുന്ന പുഴയാണെന്നയാൾക്കു തോന്നി. പക്ഷേ മറ്റു പല അവസരങ്ങളിലും നിഗൂഢതകളെ ഗർഭം ധരിച്ച സാഗരം കണക്കെയും അയാൾക്കനുഭവപ്പെട്ടു. എന്തായാലും അവളിൽ നിന്നും ഒരു അകലം സൂക്ഷിക്കണമെന്ന് അയാൾ നിശ്ചയിച്ചു. എന്നിരുന്നാലും തിരക്കൊഴിഞ്ഞ പല സായാഹ്നങ്ങളിലും അയാളുടെ മിഴികൾ അവളെ തിരഞ്ഞു കൊണ്ടിരുന്നു. ആഴ്ചയിൽ രണ്ടു പ്രാവശ്യമെങ്കിലും പതിവായി അവൾ ലൈബ്രറിയിൽ വരാറുള്ളതാണ്. പിന്നീടുള്ള ദിവസങ്ങളിൽ അവളെ കാണാതായപ്പോൾ അയാൾക്കു കടുത്ത ദു:ഖമുണ്ടായി. എന്തൊക്കെയാണെങ്കിലും ഒരു കഥയോ നോവലോ വായിച്ചു തീർന്നാൽ

അതിനെക്കുറിച്ച് വാ തോരാതെ മനോഹരമായി അവൾ സംസാരിക്കും. അവളുടെ വാക്കുകളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാക്കാം, വെറുമൊരു ആസ്വാദക മാത്രമല്ല ശക്തയായ നിരൂപകയും കൂടിയാണെന്ന്. അയാളുടെ വൈകുന്നേരങ്ങളിൽ അവൾ അത്രത്തോളം ഇഴുകിച്ചേർന്നിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് പത്രത്താളുകൾക്കിടയിൽ ഇരുപത്തിയൊൻപതു വയസ്സുള്ള വിവാഹിതയായ യുവതി സ്വന്തം കിടപ്പുമുറിയിൽ തൂങ്ങി മരിച്ചതായുള്ള ഒരു വാർത്ത അയാൾ കാണുന്നത്. ഫോട്ടോയിലെ യുവതിയെ നോക്കിയിരിക്കുന്തോറും, അവളുടെ മുഖം ആടിനെപ്പോലെ നീണ്ടു മെലിഞ്ഞതായ് അയാൾക്കു തോന്നിത്തുടങ്ങി. ദൈന്യത തുളുമ്പുന്ന കണ്ണുകൾ, ചുണ്ടുകളിലായി മുറിഞ്ഞു പോയ രോദനം തങ്ങി നിൽക്കും പോലെ...

കൈകളിൽ നിന്നും പത്രം നിലത്തേയ്ക്ക് ഊർന്നു വീണു, അയാൾ സോഫയിലേക്കു തളർന്നിരുന്നു.

●



# അമ്മയോടൊപ്പം



വി പി ചെല്ലൂർ

കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട് സഹിക്കാൻ കഴിയാതെയാണ് ഇരുട്ടിലൂടെ പുറത്തേക്കിറങ്ങിയത്.
ഭക്ഷണം..!
അതൊരു വല്ലാത്ത സംഗതി തന്നെ.
അവളോർത്തു.

ലോക്ക്ഡൗൺ കാരണം സാധാരണ പോലെ തെരുവിൽ നിന്നൊന്നും കിട്ടാനില്ല.
ഏതെങ്കിലും വീടിന്റെ പിന്നാമ്പുറത്ത് പോയി നോക്കണം.
ചെറിയ മക്കളാണ്.
അവരെയും കൊണ്ട് പുറത്തിറങ്ങുകയെന്ന് പറഞ്ഞാൽത്തന്നെ പേടിയാണ്.
അങ്ങനെ പാടില്ലെന്നാണ് പറഞ്ഞു കേൾക്കുന്നത്.
കുഞ്ഞുമക്കൾക്ക് കൊറോണ വന്നാൽ താങ്ങാനുള്ള ശേഷിയുണ്ടാവില്ലത്രേ.
പക്ഷേ മക്കളെ തനിച്ചാക്കിപ്പോവാനും കഴിയില്ലല്ലോ.

ഉച്ച മുതൽ തുടങ്ങിയതാണ് വിശന്നിട്ടുള്ള അവരുടെ കരച്ചിൽ.
അത് കേട്ടിരിക്കാനും വയ്യ.
നേരാംവണ്ണം അന്നം കഴിക്കാത്തതുകൊണ്ടാവാം മുലപ്പാലും കുറഞ്ഞു.
ഉള്ളത് നാല് പേരും പങ്കിട്ടെടുക്കുമ്പോഴേക്കും താൻ തളർന്നിട്ടുണ്ടാവും.
എന്ത് ചെയ്യാനാണ്.
ഇങ്ങനെയൊരു കാലം.

ഓരോന്ന് ചിന്തിച്ച്
ശ്വാനകുമാരി മക്കളെയും കൊണ്ട്
വലിയൊരു വീടിന്റ മുന്നിലെത്തി.

അകത്തു നിന്ന് വല്ലാത്തൊരു മണം..
ഒന്നുകൂടി ആസ്വദിച്ചു വലിച്ചു.

'ബിരിയാണി.'

മക്കൾക്ക് ഭാഗ്യമുണ്ട്.
ബാക്കിവന്ന ചോറും എല്ലിൻകഷണങ്ങളും തെങ്ങിൻ ചുവട്ടിലെങ്കിലും കാണാതിരിക്കില്ല.
അവൾ സമാധാനത്തോടെ മക്കളെ നോക്കി.
നാലുപേരും അമ്മയുടെ പിറകേത്തന്നെയുണ്ട്.
ആദ്യമായി പുറത്തിറങ്ങിയതിന്റെ അങ്കലാപ്പുണ്ട് നാലുപേരുടെയും മുഖത്ത്.
മാത്രമല്ല ഇരുട്ടും.

ഉയരമുള്ള മതിലാണ്.
ഗേറ്റ് പൂട്ടിയിട്ടുണ്ട്.
വീട്ടുകാരൊക്കെ ഉറക്കം പിടിച്ചെന്ന് തോന്നുന്നു.
അത് നന്നായി.
അവൾ നാലുപാടും നടന്നുനോക്കി.
കുട്ടികൾ ജാഥപോലെ അവൾക്ക് പിറകെയും.
ഭാഗ്യം..
ഒരുവശത്ത് മതിലിത്തിരി പൊളിഞ്ഞു കിടപ്പുണ്ട്.
അതിലൂടെ അകത്തു കയറാം.
മക്കളെക്കൊണ്ടത് ചാടിക്കടക്കാൻ സാധിക്കുമോ എന്നാണ് സംശയം.
സാരമില്ല.
അകത്തുപോയി മക്കൾക്കുള്ളത് കടിച്ചു

കൊണ്ട് വരാം.
അവൾ മക്കളെ നോക്കി.
'എങ്ങും പോവല്ലേ..
അമ്മ പോയി ഭക്ഷണമെടുത്തിട്ട് വരാം.
അതുവരെ വഴക്കുണ്ടാക്കാതെ ഇവിടെത്തന്നെ നിൽക്കണേ., '
അവൾ മക്കളെപ്പറഞ്ഞു ശട്ടം കെട്ടി.

ചെറിയൊരു എതിർപ്പുണ്ടായെങ്കിലും മൂത്തവൻ തല കുലുക്കിയപ്പോൾപ്പിന്നെ മറ്റുള്ളവരും എതിർത്തില്ല.
അവനെ ചെറിയൊരു പേടിയുണ്ട് അനിയത്തിമാർക്ക്.
അത് നല്ലത് തന്നെ.
അവളോർത്തു.

പൊളിഞ്ഞ മതില് ചാടി ഉള്ളിൽ കേറി.
വീടിനോട് ചാരി ഒരു ഭാഗം കിണറാണ്.
അടുക്കള ഭാഗത്തെത്തണമെങ്കിൽ വീടിന്റെ മുൻവശം വഴിതന്നെ പോവണം.
പോർച്ചിൽ വിലപിടിപ്പുള്ള കാറ് കിടപ്പുണ്ട്.
അത് ദിവസങ്ങളായി ഉറക്കം തന്നെയെന്ന് ഒറ്റനോട്ടത്തിലറിയാം.
പോർച്ചിനോട് ചാരി വലിയൊരു കൂട്.
അതിൽ അലക്ഷ്യമായി പുറത്തേക്ക് നോക്കിക്കൊണ്ട് കിടക്കുന്നു തടിച്ചു കൊഴുത്തൊരു കാവൽക്കാരൻ ശ്വാനൻ.
പേടിയോടെ നോക്കിയപ്പോഴുണ്ട്,
അവന്റെ മുന്നിലായി വലിയൊരു പാത്രത്തിൽ ഇറച്ചിയും ബിരിയാണിയും.
കൊതിയോടെ കുറച്ചു നേരം നോക്കി നിന്നു.
അവൻ കഴിച്ചു മതിയായി ബാക്കിവെച്ചതാണ്.
മക്കളെ ഓർത്തു.
ഇതിൽ അവർക്കും തനിക്കും മതിവരുവോളം കഴിക്കാനുണ്ട്.
പക്ഷേ.,
അവനിഷ്ടപ്പെട്ടില്ലെങ്കിലോ.

നോക്കിക്കിടക്കുന്നതല്ലാതെ അവന് അനക്കമൊന്നുമില്ലെന്ന് കണ്ടപ്പോൾ മെല്ലെ അടുക്കളപ്പുറത്തേക്ക് നടന്നു.
വലിയ ശബ്ദമൊന്നുമുണ്ടാക്കാതെ നാലുപാടും പരതി നടന്നു.
പ്രതീക്ഷിച്ചതു പോലെത്തന്നെ പുറത്ത്തൈ തെങ്ങിന്റെ ചുവട്ടിൽ കൂട്ടിയിട്ട ചോറും എല്ലിൻ കൂട്ടങ്ങളും.
ഈ സമയത്തും മനുഷ്യന്റെ ധൂർത്തിനെയോർത്ത് വിഷമം തോന്നിയെങ്കിലും അതുകൊണ്ടാണല്ലോ തനിക്കിത് കിട്ടിയതെന്നോർത്തപ്പോഴൊരു സമാധാനം തോന്നി.
വിശന്ന് കുടലെരിയുന്നുണ്ട്.
പക്ഷേ,
ആദ്യം മക്കൾക്കുള്ളത് കൊണ്ട് കൊടുക്കാം.
എന്നിട്ട് വേണം തനിക്കുമൊരു പിടി കഴിക്കാൻ.

പാതി ഭാഗം ഇറച്ചിയോടെ കിടക്കുന്ന മുഴുത്തൊരു കഷ്ണം കടിച്ചെടുത്തതും പുറകിൽ നിന്നും എന്തോ ഒന്ന് ശക്തിയായി മേലെ വന്ന് വീണതും ഒരുമിച്ച്.
അടി തെറ്റി തെങ്ങിൻ കുഴിയിലെ ചോറിലേക്ക് മൂക്കുംകുത്തി വീണു.
കിടന്ന കിടപ്പിൽ നോക്കുമ്പോൾ കാവൽക്കാരൻ ശ്വാനൻ കണ്ണുരുട്ടി നിൽക്കുന്നു.
ഒരുകണക്കിനെഴുന്നേറ്റ് വീണ്ടും ധൃതിയിൽ അതിലൊരു കഷ്ണം കടിച്ചെടുക്കാൻ നോക്കിയപ്പോൾ
ഉഗ്രശബ്ദത്തിൽ കുരച്ചുകൊണ്ടവൻ മേലേക്ക് ചാടിവീണു.
കടിച്ചും മാന്തിയും ഒരു പരാക്രമണമായിരുന്നു പിന്നെ.
അവന്റെ കരുത്തിന് മുന്നിൽ പിടിച്ചു നിൽക്കാൻ വയ്യ.
ജീവൻ രക്ഷിക്കട്ടെ.
തിരിഞ്ഞോടുമ്പോൾ കിട്ടി കാലിന് നല്ലൊരു കടി.
'അയ്യോ..'
വലിയവായിൽ നിലവിളിച്ചുകൊണ്ട് തിരിഞ്ഞോടി.
പിറകെ അവനും.
ഒരുകണക്കിന് മതിൽ ചാടി.
കുഞ്ഞുങ്ങൾ ശബ്ദം കേട്ട് പേടിച്ചു നിൽക്കുന്നു.
'മക്കളേ.. ഓട്.,
ഓടി രക്ഷപ്പെടൂ..'
ഓടുന്നതിനിടയിൽ വിളിച്ചുപറഞ്ഞു.
ഒരു കൂട്ടപ്പാച്ചിലായിരുന്നു.

കാല് മുറിഞ്ഞിട്ടുണ്ട്.
വലിച്ചുവെച്ച് ഓടുകയല്ലാതെ രക്ഷയില്ല.
കുറെ ദൂരം ചെന്നൊന്ന് തിരിഞ്ഞു നോക്കി.
അവൻ റോഡിലിറങ്ങി തങ്ങളുടെ ഓട്ടം ആസ്വദിച്ചു നിൽക്കുന്നു.
അത് കണ്ടപ്പോൾ കടുത്ത അമർഷം തോന്നി.
'ദുഷ്ടൻ.'
ചെയ്തത് അവന്റെ ജോലി തന്നെ.
എങ്കിലും അവന് പോലും വേണ്ടാതെ ഉപേക്ഷിച്ചതല്ലേ ആ ചോറ്..
അവനതൊന്നും കഴിക്കേണ്ട കാര്യമില്ല..
വീട്ടുകാരുടെ കൂടെ ചൂടോടെ വിളമ്പി മു

ന്നിലെത്തും.
അവൻ വിശപ്പറിഞ്ഞിട്ടില്ല.
വിശിഷ്ട ഭക്ഷണം അവന് വേണ്ടി മാത്രം ആ വീട്ടിലുണ്ട്.
അതിന്റെ അഹങ്കാരമാണ്.
എന്നിട്ടും ആർക്കും വേണ്ടാതെ ഉപേക്ഷിച്ചു കളയുന്നത് മറ്റുള്ളവർക്ക് കൊടുക്കാൻ മനസ്സില്ല.
അതുമതിയായിരുന്നു തന്റെയും മക്കളുടെയും വിശപ്പകറ്റാൻ.
ഒന്നുമില്ലെങ്കിൽ ഒരേ വർഗമല്ലേ..
ആ ഒരു പരിഗണന..
അത് പോലും തന്നില്ല.
’ഓഹ്..
അവന്റെ പേര് ഡോബർമാൻ.
തങ്ങളോ..
തെരുവ് പട്ടികൾ.
പിന്നെങ്ങനെ ഒരേ വർഗ്ഗമാവും.’

അണച്ചുകൊണ്ട് നിൽക്കുന്ന കുട്ടികളെയും കൂട്ടി ഒരു മരത്തിന്റെ ചുവട്ടിച്ചെന്ന് കിടന്നു.
അവരുടെ കണ്ണുകൾ ഭയത്താൽ പുറത്തേക്ക് തള്ളിയിരുന്നു.
കാല് കടഞ്ഞിറങ്ങുന്ന വേദന.
തനിക്കും മക്കൾ വളർന്നു വരുന്നുണ്ട്.
അവർ വളരട്ടെ.
ഇത് അവർ ചോദിച്ചോളും.
പക്ഷേ, നേരത്തിന് ഭക്ഷണം കൊടുക്കാതിരുന്നാൽ അവരും തന്നെപ്പോലെ മെലിഞ്ഞുണങ്ങുകയേയുള്ളൂ.
ഓരോന്നോർത്ത് ചോരയൊലിക്കുന്ന കാല് നക്കി വെടിപ്പാക്കുന്നതിനിടയിലാണ്...

‘അമ്മ ബിരിയാണി കഴിച്ചു ല്ലേ..‘
മകന്റെ ചോദ്യം.

അത് കേട്ടതും മറ്റുള്ളവർ മുഖത്തും ചുണ്ടിലും നിരീക്ഷണം നടത്തി.
ശരിയാണ്.
അമ്മ ബിരിയാണി കഴിച്ചിട്ടുണ്ട്.
മുഖത്ത് മാത്രമല്ല, മേലൊക്കെയുണ്ട് ബിരിയാണിയുടെ അവശിഷ്ടങ്ങൾ.
അതുമതിയായിരുന്നു ഒരു കലഹത്തിന്.
തങ്ങളെ പുറത്ത് നിർത്തി അമ്മ വയറ് നിറച്ച് ബിരിയാണി കഴിച്ചു.
വിശക്കുന്ന മക്കളെ നോക്കാതെ സ്വന്തം കാര്യം നോക്കുന്ന അമ്മ.
അങ്ങനെയായി കാര്യങ്ങൾ.

എന്ത് പറയണമെന്നോ എങ്ങനെയത് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണമെന്നോ അറിയാതെ കുഴങ്ങി.

കണ്ണുകൾ നിറഞ്ഞു തൂവി.
അപ്പോഴുണ്ട് ചെറിയ മകൾ തന്റെ ദേഹം നക്കുന്നു.
വീഴ്ചയിൽ തന്റെ മേൽ പറ്റിപ്പിടിച്ച ചോറ് ആർത്തിയോടെ നക്കിയെടുക്കുകയാണ്.
‘ഈശ്വരാ..‘
എങ്ങനെ ഞാനിത് സഹിക്കും.
‘ഇവർക്ക് വിശപ്പിനുള്ളത് കൊടുക്കാൻ എന്തെങ്കിലും വഴി കാണിച്ചു തരണേ..‘
ഉള്ളുരുകി പ്രാർത്ഥിച്ചു കൊണ്ട് പതിയെ എണീറ്റ് വേച്ചു വേച്ചു നടന്നു.
ചിണുങ്ങിക്കൊണ്ട് കൂടെ മക്കളും.

ഓടിട്ട ചെറിയൊരു വീടിന്റെ അടുക്കള വശത്ത് പരതി നടക്കുമ്പോൾ അടുക്കളയോട് ചാരി ഒരു പാത്രത്തിൽ കുറച്ചു പഴഞ്ചോറ്.
ഇവിടെയും കാവൽക്കാരുണ്ടാവുമോ എന്നൊരു പേടി മനസ്സിലുണ്ടായിരുന്നു.
മക്കളെ വിളിച്ചു പങ്കിട്ടു കൊടുത്തപ്പോൾ അവരുടെ മുഖത്ത് പരിഭവം..
അമ്മക്ക് ബിരിയാണി, തങ്ങൾക്ക് പഴഞ്ചോറ്..
അവർക്കത് പിടിച്ചില്ലെന്ന് തോന്നുന്നു.
ഇതെന്തു ന്യായം എന്നാണ് ഭാവം.
നിർബന്ധിച്ചും ശാസിച്ചും ഒരുവിധം കഴിപ്പിച്ചു.
ഇടക്ക് മുറ്റത്ത് കിടന്നൊരു ഉണക്ക മീനിന്റെ തല മറ്റുള്ളവർ കാണാതെ മകന് കൊടുത്തു.
അവൻ കരുത്തനായി വളരണം.
അമ്മയുടെ കാലിൽ കടിച്ചവനെ ചോദ്യം ചെയ്യാനുള്ളതാണ്.

രണ്ടു പേർ കുറച്ചൊക്കെ കഴിച്ചതിന് ശേഷം അമ്മയുടെ മുലയിൽ തൂങ്ങി.
പഴഞ്ചോറിനേക്കാൾ നല്ലത് മുലപ്പാൽ തന്നെയെന്ന് തോന്നിക്കാണും.
വയറ് നിറഞ്ഞ് എല്ലാവരും പിൻവാങ്ങിയപ്പോൾ പാത്രത്തിലേക്ക് തല നീട്ടി.
പാത്രം ശൂന്യം.
ഇനി ഒന്നുമില്ല.
വെറുതെ പാത്രം നക്കി വെടിപ്പാക്കിയപ്പോൾ ഒന്നോ രണ്ടോ വറ്റ് നാക്കിൽ തടഞ്ഞു.

വയറ് കത്തുന്നു.
എന്തെങ്കിലും ഉള്ളിലേക്ക് ചെന്നില്ലെങ്കിൽ താനിവിടെ തളർന്നു വീഴും.
അവിടവിടെ പരതി നടന്നു.
ഒന്നുമില്ല.
ഇതാണ് ശരിക്കും ലോക്ഡൗൺ ബാധിച്ച വീടെന്ന് തോന്നി.

അടുക്കളച്ചുമരിനോട് ചാരി പാത്രങ്ങൾ നിരനിരയായി വെച്ചിട്ടുണ്ട്.
കുറച്ചു വെള്ളമെങ്കിലും കുടിക്കണം.
ഇല്ലെങ്കിലിവിടെ വീണുപോവും.
ഞൊണ്ടി ഞൊണ്ടി പാത്രങ്ങൾക്കടുത്തേക്ക് ചെന്നു.
ആദ്യം കണ്ട കുടത്തിലേക്ക് തല താഴ്ത്തി.
ഒരു തുള്ളി വെള്ളമില്ല.
നിരാശയോടെ തല വലിച്ചപ്പോൾ..

കുടുങ്ങി..

കുടം തലയിൽ കുരുങ്ങി.
വെപ്രാളത്തോടെ തല കുടഞ്ഞു നോക്കി.
രക്ഷയില്ല.
സർവ്വ ശക്തിയുമെടുത്ത് തല ഉയർത്തിയപ്പോൾ കുടം എവിടെയോ ഇടിച്ചു.
പ്രകമ്പനം കൊള്ളുന്ന ഒരു മുഴക്കം..
ചെവി തുളഞ്ഞു.
ഒരു മൂളക്കം മാത്രം ബാക്കിയായി.

പിന്നെ ചെയ്തതൊന്നും എന്താണെന്ന് പോലും അറിഞ്ഞില്ല.
നിലത്ത് കിടന്നുരുണ്ടും തല തറയിൽ വെച്ചടിച്ചും ദയനീയമായി കരഞ്ഞും വെപ്രാളം പൂണ്ടു പിടഞ്ഞു.
ഇതെല്ലാം കണ്ട് കുഞ്ഞുങ്ങൾ പേടിയും അതിശയവും കലർന്ന ഭാവത്തിൽ ഒതുങ്ങി നിന്നു.

എന്തൊക്കെ ചെയ്തിട്ടും ഫലമില്ലാതായതോടെ ആകെ തകർന്നു. ഒരുപാട് നേരത്തെ പരിശ്രമം വല്ലാതെ തളർത്തിയിരുന്നു.
അൽപനേരത്തെ വിശ്രമത്തിനൊടുവിൽ മെല്ലെയെഴുന്നേറ്റ് മുടന്തി മുടന്തി നടന്നു.
തല കുടത്തിനുള്ളിലായതുകൊണ്ട് ഒന്നും കാണുന്നില്ല.
ഏതൊക്കെയോ വഴി വീണുരുണ്ട്, എവിടെയൊക്കെയോ ചെന്നിടിച്ച് പതിയെ മുന്നോട്ട് നീങ്ങി.
അപ്പോഴും പിറകേ ഒരു ജാഥ പോലെ മക്കളുണ്ടായിരുന്നു.

എത്രനേരം നടന്നെന്നോ ഏതാണ് സ്ഥലമെന്നോ അറിയില്ല.
എവിടെയോ എത്തി.
ഓരോ വീഴ്ചയിലും കുടം നിലത്തോ മരങ്ങളിലൊ മുട്ടുമ്പോൾ കാതടപ്പിക്കുന്ന ശബ്ദം തല തരിപ്പിച്ചു.
തളർന്ന നേരത്തൊന്ന് കിടക്കുമ്പോൾ മക്കൾ മുലപ്പാലിനു വേണ്ടി മത്സരിക്കും.

ഏത് നേരത്താണോ തനിക്ക് കുടത്തിൽ തലയിടാൻ തോന്നിയത്
ആ നിമിഷത്തെ ശപിച്ചുകൊണ്ട് മുന്നോട്ട് പോവുന്നതിനിടയിൽ...

'ബ്ധിം..'

ഏതോ അഗാധതയിലേക്ക്..
അൽപ്പസമയം കഴിഞ്ഞാണ് മനസ്സിലായത്.
എവിടെയോ വീണിരിക്കുന്നു.
വീഴ്ചയിൽ രണ്ടാമത്തെ കാലിനും എന്തോ പറ്റിയിട്ടുണ്ട്.
നോക്കാൻ കഴിയില്ലല്ലോ.
മെല്ലെ എണീറ്റു നടന്നു.
'ധിം..'
എവിടെയോ ചെന്നിടിച്ചു.
തിരിഞ്ഞു നടന്നു.
വീണ്ടും ചെന്നിടിച്ചു
ചുമരാണ്.
നാല് വശവും ചുവരുകൾ.
തലക്ക് മുകളിൽ നിന്ന് മക്കളുടെ നിർത്താതെയുള്ള നിലവിളി മുഴങ്ങുന്നുണ്ട്.
അപ്പോഴാണ് മനസ്സിലായത് കിണറാണ്.
ഏതോ പൊട്ടക്കിണറ്റിൽ വീണിരിക്കുന്നു.

രക്ഷപ്പെടാൻ ഇനിയൊരു വഴിയുമില്ല.
ദയനീയമായി തേങ്ങിക്കൊണ്ട് ചുവരിനോട് ചേർന്ന് കിടന്നു.

മക്കൾ തല തല്ലിക്കരയുന്നു.
വിശപ്പ് തുടങ്ങിക്കാണും.
'ധും..'
എന്തോ വന്ന് വീണു.
'ധും.. ധും..'
വീണ്ടും വീണ്ടും..
പേടിയോടെ ചൂളുമ്പോൾ മക്കളുടെ സ്വരം.
അവരും ചാടിയിരിക്കുന്നു.
അമ്മയോടുള്ള സ്നേഹമാണോ.?
അതോ വിശപ്പ് സഹിക്കാത്തത് കൊണ്ടോ.?
രണ്ടാമത്തേതാവും കാരണം.
ഏറ്റവും സ്നേഹത്തോടെ കഴിയുന്ന മനുഷ്യർ പോലും പ്രിയപ്പെട്ടവരുടെ ചുടല വരേ പോവൂ..
ഒരു പിടി മണ്ണിട്ടാൽ അവരുടെ കടമ തീർന്നു.
പിന്നെ സ്വന്തം കാര്യമോർത്ത് തിരിഞ്ഞു നടക്കും.
സ്നേഹമൊക്കെ ഒരു നേരം വരെ ഉള്ളു.
അത് മനുഷ്യനായാലും മൃഗങ്ങളായാലും.

കണക്കുകൂട്ടലുകളെ ശരി വെക്കുന്ന രൂപത്തിൽ മൂന്ന് മുലകളിൽ ഒരുമിച്ച് പിടിവീണു.

അവരെ ഒരു നോക്കുകാണാൻ പോലും തനിക്കിനി കഴിയില്ലേ.

അപ്പോഴാണ് ചിന്തിച്ചത്.

ഒരാളെവിടെ..

ചാടിയില്ലേ..

മുകളിലേക്ക് ചെവിയോർത്തു.

'അമ്മേ.. കേറി വാ അമ്മേ..

എനിക്ക് പേടിയാ അങ്ങോട്ട് ചാടാൻ.'

ആകെയുള്ള ആൺതരിയാണ്.

അവന് പേടി.

പെണ്ണുങ്ങൾ മൂന്നും ചാടി.

ചാടിയിട്ടെന്തിനാ..

ചാവാനല്ലേ..

ചാടാതിരിക്കുന്നത് തന്നെ നല്ലത്.

ഒന്നും മിണ്ടാതെ കിടന്നു.

ആദ്യം പോയ വീട്ടിലെ 'ഡോബർമാൻ' ഒന്ന് മനസ്സ് വെച്ചിരുന്നെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കില്ലായിരുന്നു.

എല്ലാം തന്റെ വിധി.

പാല് കുറഞ്ഞതുകൊണ്ടാവണം മക്കൾ അസ്വസ്ഥരാവുന്നുണ്ട്.

ചെവിക്കുള്ളിൽ അപ്പോഴും മൂളക്കമുണ്ട്.

അതിൽ ശ്രദ്ധ വെച്ച് കിടന്നു.

മക്കൾ സ്വസ്ഥത തരാതെ മുലയിൽ തൂങ്ങിക്കൊണ്ടിരിക്കുന്നു.

അവർക്ക് വേണ്ടത് കിട്ടാത്തതുകൊണ്ടാവണം ഒരുത്തി നല്ലൊരു കടി.

വേദനകൊണ്ട് പിടഞ്ഞുപോയി.

മക്കളെ കുടഞ്ഞെറിഞ്ഞ് ചാടിയെണീറ്റു.

അവരുടെ ചിണുക്കം ദൂരെ ഏതോ ദിക്കിൽ നിന്നെന്ന പോലെ ചെവിയിലെത്തുന്നുണ്ട്.

ചുമര് ചാരി ഉഴറി നടക്കുമ്പോൾ...

'ബ്ലും..!'

കാലിൽ ഒരു തണുപ്പ്.

വെള്ളമാണ്.

ആർത്തിയോടെ കാലുകൊണ്ട് പരതി നോക്കി.

കിണറിന്റെ മൂലയിൽ ഒരു കുഴിയിലെന്ന പോലെ കുറച്ചു വെള്ളം.

അറിയാതെ തല താഴ്ത്തിയപ്പോൾ..

'ബ്ലിം'

കുടം ചുവരിലിടിച്ചു.

കുടത്തിനുള്ളിൽ അറിയാതെ നാവ് പുറത്തേക്ക് നീണ്ടു.

വരണ്ട തൊണ്ട വെള്ളമുണ്ടെന്നറിഞ്ഞതോടെ ആർത്തി പൂണ്ടു.

ഒരിറ്റ് ജലമല്ല, ഒരു സമുദ്രം തന്നെ കുടിച്ചുവറ്റിക്കാനത് വെമ്പൽ പൂണ്ടു.

പഠിച്ച പണിയൊക്കെ നോക്കിയിട്ടും അതിലൊരുതുള്ളി വെള്ളം പോലും നാവിൻ തുമ്പിലെത്തിക്കാൻ കഴിയാതെ വന്നപ്പോൾ കാല് വെള്ളത്തിൽ മുക്കിവെച്ച് ഒരേ കിടപ്പിൽ മയങ്ങിപ്പോയി.

'ദേണ്ടടാ ഒരു പട്ടിക്കുട്ടി.'

ആരുടെയോ ശബ്ദമാണ് ഉണർത്തിയത്.

'നല്ല ചന്തം.

നമുക്കിതിനെ വീട്ടിൽ കൊണ്ടോവാം.'

മുകളിൽ നിന്നാണ്.

മനുഷ്യരാരോ പുറത്തുണ്ട്.

മോനേ അവർ കണ്ടുകാണും.

വളരെ പ്രതീക്ഷയോടെ എണീറ്റു.

വേച്ചു പോവുന്നു.

അവരുടെ ശ്രദ്ധ കിണറിലേക്ക് വന്നെങ്കിൽ.

ആവുന്നപോലെ ഉറക്കെ കുരച്ചു.

ആ ശബ്ദം കുടത്തിനുള്ളിൽ ഒരു സ്ഫോടനം സൃഷ്ടിച്ചതല്ലാതെ പുറത്തേക്കൊഴുകിയില്ല.

ഒടുക്കം ദയനീയമായൊരു തേങ്ങലായി അതവസാനിച്ചു.

പുറത്തിപ്പോൾ നിശബ്ദതയാണ്.

മകനെയവർ കൊണ്ടുപോയിട്ടുണ്ടാവുമോ.

കൂട്ടിൽക്കിടക്കുന്ന ഡോബർമാന്റെ മുന്നിലെ പാത്രത്തിലിരുന്ന ബിരിയാണി ഓർമ വന്നു.

അവനെങ്കിലും രക്ഷപെടട്ടെ.

രാത്രിയും പകലും ഒന്നിലേറെ കടന്നുപോയി.

ഇപ്പോഴും ഒരു കാലിന് തണുപ്പ് കിട്ടുന്നുണ്ട്.


കുഞ്ഞുങ്ങൾ ഇപ്പോഴും മുല കുടിക്കുന്നുണ്ട്.

പാലിന് പകരം ചോരയും പിന്നെ ഒരു തരം നീരും കിട്ടുന്നുണ്ട്

മുലക്കണ്ണ് ചപ്പി വലിച്ചുള്ള ഒരേ കിടപ്പിൽ മുല പാടേ വായിലേക്ക് വന്നപ്പോഴേക്കും അവരുടെ ചുണ്ടിലെ മധുരം നുകരാൻ ഉറുമ്പുകൾ കൂട്ടം ചേർന്നത് കുഞ്ഞുങ്ങളും അറിഞ്ഞില്ല.

●

കഥ





സന്തോഷ് ആറ്റിങ്ങൽ

# ഡുമ്മുണ്ണൂസ് ബാങ്ക്

'ഹലോ.... സിംഹലോചനൻ പിള്ളയുടെ വീടല്ലേ ...?'

'അതേ ,സിംഹലോചനനാണ് പറയൂ?'

'താങ്കൾക്ക് ... (എന്തോ പ്രശ്നവശാൽ ഫോണിൽ ശബ്ദം മുറിഞ്ഞു) ...

കൺഫേമായിട്ടുണ്ട് .അതു പറയാനാ വിളിച്ചത് .'

'അയ്യോ... കൺഫേമായോ? .. ഞാനന്നവളോട് കാലേപ്പിടിച്ചു പറഞ്ഞതാ

ദീനക്കാലമായിട്ട് ആ വിവാഹത്തിന്നു പോണ്ടാ പോണ്ടാ എന്ന് ... ആട്ടെ എവിടുന്നാ

വിളിക്കണത് ,ഹെ ൽത്തീന്നാണോ?'

അല്ല സർ ,ഇദ് ഡുമ്മുണ്ണൂസ് ബാങ്കീന്നാ .'

'ഡുമ്മുണ്ണൂസ് ബേങ്കോ? അതേത് ബേങ്ക്?'

'അതേ സർ ,ഡുമ്മുണ്ണൂസ് ഫിനാൻസ് ബേങ്ക്. കേരളത്തിലെ ഏറ്റവും വലിയ ന്യൂ

ജനറേഷൻ ബാങ്കാ സർ ഡുമ്മു ണ്ണൂസ് . ലോൺമേളയോടനുബന്ധിച്ച് ബാങ്കു

നടത്തിയ നറുക്കെ ടുപ്പിൽ സാറിന്റെ നമ്പർ സെലക്ട് ആയിട്ടുണ്ടെന്ന് പറയാൻ വിളിച്ചതാ. പത്തുലക്ഷം രൂപ വരെയുള്ള ലോണാ കൺഫേമായിരിക്കുന്നെ. സാറിന് എത്ര ലക്ഷം വേണ്ടിവരും?'

'ലക്ഷമോ? ലോണോ? കൺഫേമോ?

ഹെ ന്താ ഇദ്... ഞാൻ ലോണിനൊന്നും അപേക്ഷിച്ചിട്ടില്ലല്ലോ കൊച്ചനെ ?'

'ഹ ഹ ഹ ... സാറപേക്ഷിക്കാതെ തന്നെ ഞങ്ങൾ ലോൺ തരും! അദല്ലേ സർ

ഡുമ്മുണൂസ് ബാങ്കിന്റെ ഒരിദ് .കഠ ാറോണക്കാലമായതോണ്ട് ബാങ്കിന്റെ ഒരു

സഹായ പദ്ധതിയാണ് സർ . സാറിന്റെ ഭാഗ്യത്തിന് ഫോൺനമ്പർ സെ ലക്ടായിരിക്കുന്നു. കൺഗ്രാറ്റ്സ്.' താങ്ക് യൂ താങ്ക് യൂ .. പഷേ എന്റെ ഡുമ്മുണൂസി മോനേ ..

'എനിക്കിപ്പോ ലോണൊന്നും വേണ്ടല്ലോ, ലോണെടുക്കാൻ വേണ്ടുന്ന അത്യവശ്യങ്ങളുമില്ല.'

ശരി ശരി ... സാറിനു പഴ്സണൽ 'ലോൺ വേണ്ടെ ങ്കിൽ വേണ്ട ... ഒരു വെഹിക്കിൾ

ലോൺ എടുക്കാം സർ ചെ റിയ അടവേ വരുന്നുള്ളൂ ?'

'എഡോ... എന്റെ രണ്ടു വണ്ടികളും ഓടാതെ വീട്ടി വെ റുതേ കിടക്കുവാ ...

അപ്പോഴാണിനി ലോണെടുത്തു മൂന്നാമതൊരു വണ്ടി കൂടി! വേണ്ടാന്നേ .. '

'ഓ.കെ ,ഓ കെ . അങ്ങേക്കു വെഹിക്കിൾ ലോണിൽ താല്പര്യമില്ലെങ്കിൽ എടുക്കേണ്ട, ഒരു ഹോം ലോണെങ്കിലും എടുത്ത് ബാങ്കിന്റെ സഹായ പദ്ധതിയിൽ അണിചേരൂ

സർ... സിറ്റിയിൽ ഒരു 'ഫ്ലാറ്റ് 'സാറിന്റെ സ്വപ്നമാണെന്ന് ഞങ്ങൾക്കറിയാം.'

'എന്റെ സ്വപ്നങ്ങളൊക്കെ തീരുമാനിക്കണത് താനാണോ? ഒന്നു വച്ചിട്ടു പോയേ ...

കാലത്തേ ഓരോന്നു വിളിച്ചോളും ... കൺഫേമായീന്നും പറഞ്ഞ് മനുഷ്യനെ

പേടിപ്പിക്കാനായിട്ട്! ...അല്ലേ ങ്കിത്തന്നെ ഇവിടെ ലോക് ഡൗണിൽ തീ തിന്നിരിക്കുവാ

....'

'ശരി സർ... ലോൺ വേണ്ടെ ങ്കിൽ വേണ്ട. നല്ല കുറേ ഹെ ൽത്ത് ഇൻഷുറൻസ് സ്കീമുകളും ഡുമ്മു ണൂസ് ബാങ്കിന്റേതായി ഉണ്ട് സർ.ഇപ്പോഴാണെ ങ്കിൽ പുതിയ ഒരെണ്ണം വന്നിട്ടുണ്ട് 'കൊറോണ സ്പഷ്യൽ കെയർ ഹെൽത്ത് സ്കീം' എന്നാ പേര്. സാറിനെപ്പോലെ പേടിച്ചിരിക്കുന്നവർക്കു ബെസ്റ്റാ!

ഉദാഹരണത്തിന് സാറ് കോവിഡ് പോസിറ്റീവ് ആയെന്നിരിക്കട്ടെ , ചികിത്സക്കായി ആദ്യം തന്നെ ഒരു ലക്ഷം രൂപാ അനുവദിക്കും. 'ഡോ ... വേണ്ടാദീനം പറയരുത്, ഞാൻ രണ്ട് കുത്തിവയ്പും കഴിഞ്ഞതാ '. അല്ല സർ പോളിസീടെ കാര്യം വിശദമാക്കാൻ ഞാൻ പറഞ്ഞന്നേ ഒള്ള്, സാറ് ശ്രദ്ധിച്ച്കേക്കണം'. കൊറോണ സീരിയസായി സാറ് അഡ്മിറ്റാവുന്നെ ങ്കിലോ ... രണ്ടു ലക്ഷം രൂപാ തുടർ ചികിത്സകൾക്കായി ഉടൻ കിട്ടും.

ഇതിൽ ഐ.സി.യൂ, ഓക്സിജൻ സിലിണ്ടർ ചാർജ്ജുകളൊക്കെ ഇൻക്ലൂഡഡ് ആണ് സർ. ഇനി രോഗം മൂർഛിച്ച് സാറ് തട്ടിപ്പോയെന്നു തന്നെ വിചാരിക്കുക, ഫാമിലിക്ക് ഉടനേ ലഭിക്കുന്നു അഞ്ച് ലക്ഷം രൂപാ ! ...ശവമടക്കിനുള്ള ഇരുപതിനായിരം രൂപയുടെ

ഒരുഗ്രൻ ബോണസ്സോടുകൂടി! എങ്ങനേണ്ട് സർ?. സാറിന്റെ അധാർ നമ്പറൊക്കെ ഞങ്ങൾ കളക്ട് ചെയ്തിട്ടുണ്ട്. അപേക്ഷാഫോം ഒപ്പിട്ട് അയച്ചു തന്നാൽ മാത്രം മതിയാകും. എടുക്കട്ടെ സർ ഒരു കൊറോണാ സ്പെഷ്യൽ ഹെൽത്ത് കെയർ പോളിസി? ....'

'....വയ്ക്കഡോ ഫോൺ ... ഇഡിയറ്റ് ... പന്ന .. @◌@◌@◌ '

സിംഹലോചനൻപിള്ള ജ്വലിച്ചുകൊണ്ട് വലിച്ചെറിഞ്ഞ ഫോണിന്റെ റിസീവർ, ക്രാഡലിൽ നിന്നും തെന്നി താഴെ വീണ് ഊഞ്ഞാലുപോലെ കിടന്നാടി. അപ്പോഴും അതിൽ നിന്ന് സ്പെഷ്യൽ കൊറോണാകെയർ പോളിസിയുടെ കമന്ററി ഒരു പിശാചിന്റെ ഇളിക്കൽ പോലെ മുഴങ്ങിക്കൊണ്ടിരുന്നു.

# പുഴു



പ്രദീഷ് കുഞ്ചു



**പി**റ്റേദിവസം-

സിമന്റിന്റെ താമരക്കുളം ആബിന്നിന്റെ മുകളിൽസ്ഥാനംപിടിച്ചു.

ആദിവസത്തിന്റെ പിറ്റേദിവസം-

കറുത്ത ഉടലും വെള്ളിച്ചിറകുകളുമായി എട്ട് ഗപ്പിമീനുകളും.

അതിന്റെ പിറ്റേദിവസം-

ചെറുചട്ടികളിൽപൂച്ചെടികൾനിരന്നു.

അതിൻറെ യുംപിറ്റേദിവസം-

അവളുടെഅമ്മ-

'ഇവിടെവെച്ച പുൽത്തയിലകുപ്പി എന്ത്യേടീ?'

അതിന്റെയും പിറ്റേദിവസം-

അവളുടെ അമ്മ-

'ഇവിടത്തെ ലൈസോൾ വെച്ചത്കാണുന്നില്ലല്ലോടീ '.

അതിന്റെ പിറ്റേദിവസം-

മൂത്തമോൻ മിഥുൻ-

'അപ്പാ ഒരു പുതിയ വെളുത്ത പുഴു.'

കൂടെ ഇളയ മോന്റെയ്ൻ-

'അപ്പാ പുയൂ'

## *ഒന്ന്*

ജനൽ മറച്ച തുരുമ്പിച്ച വലക്കിടയിലൂടെ സൂര്യവെട്ടം പ്രകാശന്റെ നിറംകുറഞ്ഞ കൈകളിൽ, കുഷ്ഠരോഗത്താൽ മൊരിഞ്ഞ തൊലിപ്പുറത്ത് കൊക്കപ്പുഴുക്കൾ കണക്കെ നിഴലിച്ചു.

മുഖത്തൊഴിക്കാൻ വാഷ്ബേസിന്റെ ടാപ്പ് തുറന്ന പ്രകാശന്റെ മൂക്കിലേക്ക് അഴുക്കുചാലിൻ മുഷിപ്പിൻ ഗന്ധം വെള്ളത്തോടൊപ്പം ഇരച്ചുകയറി.

മുഖത്തെ മൂക്കിനു മാത്രമേ ശ്വസിക്കാൻ കഴിയൂ എന്ന വിശ്വാസത്തിൽ, കണ്ണും വായുംഅടച്ച്, കൈനിറയെ വെള്ളമെടുത്ത് പൈപ്പിൻറെ അങ്ങേയറ്റംശുദ്ധീകരിക്കാനെന്നവ്യാജേനരണ്ടുമൂന്നുതവണവെള്ളംമുഖത്തേക്ക്കോരിയെടുത്തൊഴിച്ചു. ആദുർഗന്ധത്തിൽപക്ഷെപ്രകാശൻറെ മനസ്സിലെവെട്ടവുംകൂടിനനഞ്ഞാറി.

അടുത്തവീട്ടിലെആറാംക്ലാസ്സുകാരിറോഷ്നി, 'അമ്മാഞാൻപോണൂ' എന്ന്പറഞ്ഞ് തോളിലേക്ക്ഇടതുകൈകൊണ്ട്സ്കൂൾബാഗുംവലതുകൈകൊണ്ട്അതിവേഗത്തിൽമുറ്റത്തെടാപ്പ്ഇടത്തോട്ട്തിരിച്ച്കാലുകൾരണ്ടും കഴുകിയെന്നുവരുത്തിവലത്തേക്ക്തിരിച്ചു. എന്നിട്ട്, പുറത്ത് അക്ഷമയോടെപുകച്ചുകിതച്ചുനിന്നഓട്ടോയുടെതിരക്കിലേക്ക്കേറികൂടി. ടാപ്പിൽനിന്നുവെള്ളംഅളവിൽകൂടുതൽ ഇറ്റിറ്റുവീണത്പ്രകാശനെഅസ്വസ്ഥനാക്കി. ഭൂമിയിലെഅവസാനത്തുള്ളിയുംചോർന്നു

പോകുന്നവേദനയോടെപ്രകാശൻതൻറെ വാഷ്ബേസിൻടാപ്പ്, ആവശ്യത്തിൽകൂടുതൽഇറുക്കിയടച്ചു. വായിൽ,കഴിച്ചദോശയുടെയുംചമ്മന്തിയുടെയുംഅവശിഷ്ടസാന്നിധ്യംസ്വല്പംഎരിവോടെവേറിട്ട്തിരിച്ചറിഞ്ഞു.

ട്രാവൽബാഗോളംവലിപ്പംപോന്നസ്ഥിരംതോൾബാഗിലേക്ക്, ലാപ്ടോപ്, അതിൻറെ ചാർജർ, അഡ്വാൻസ്ഡ്കോസ്റ്റ്അക്കൗണ്ടിംഗ്വലിയടെക്സ്റ്റ്അതിൻറെ തന്നെചെറിയടെക്സ്റ്റ്, കോപ്പറേഷൻടെക്സ്റ്റ്, 'ഓൺട്രപ്രണർഷിപ്ഡെവലപ്മെൻറ്' ടെക്സ്റ്റ്, വായിച്ചുതീരാറായഎസ്. ഹരീഷിൻറെ 'അപ്പൻ', പകുതിതീർത്തമാധവിക്കുട്ടിയുടെ - അല്ലമെറിലിവെയ്സ്ബോഡിൻറെ 'പ്രണയത്തിൻറെ രാജകുമാരി, സ്ത്രൈണത, പ്രണയം, രതി, കമലാദാസുമായിപങ്കിട്ടസൗഹൃദത്തെകുറിച്ച്', തുടങ്ങിവെച്ചഎം. കെ. രാജേന്ദ്രൻറെ 'ആരുടേതുമല്ലാത്തഭൂമി', ഒരു നോട്പാടും, പേഴ്സും, സീലുംഅടുക്കിഒതുക്കികെട്ടിവെച്ചപ്പോൾത്തന്നെഅതിൻറെ വയറുംമുതുകുംനിറഞ്ഞു. അതിലേക്ക്നടാൻപാകമായപനവിത്തുകൾ അടങ്ങിയഒരുചെറിയസഞ്ചികൂടികുത്തികേറ്റാൻനന്നേപണിപ്പെട്ടു. പിന്നെപത്തുപതിനഞ്ചോളംഎണ്ണംഅടങ്ങിയൊരുതാക്കോൽകൂട്ടംബാഗിൻറെ ഇടത്ചെവിയിലും, വലത്ചെവിയിലേക്കവെള്ളംനിറച്ചസ്റ്റീൽകുപ്പികൂടിഇട്ടപ്പോൾരണ്ടുംകിഴിഞ്ഞുതൂങ്ങി.

നാല്പത്തിയാറ്കിലോതൂക്കമുള്ളശരീരത്തോടൊപ്പംപതിനാല്കിലോകൂടിചേർത്തകനത്തോടെപ്രകാശൻവീടിൻറെ ഉമ്മറവാതിൽതുറന്നു. ആദ്യചുവടിൽതന്നെ ഇടതുകാലിൻറെ പെരുവിരലിൽവഴുവഴുപ്പ്പകർന്ന്എന്തോഒന്ന്. 'ശ്ശേ!' മുൻപിലുംപിൻപിലുംകാണാനോകേൾക്കാനോആളില്ലാത്തതിനാൽശബ്ദവുംവികാരവും തന്നിൽമാത്രംഒതുക്കി.

ഒരെണ്ണംകൂടികണ്ടപ്പോഅറപ്പുംദേഷ്യവും, ആരോടെന്നില്ലാതെ.

മങ്ങിയവെള്ളഉടലും, തിളങ്ങുന്നവെള്ളതലയും, തലയിൽവിളങ്ങുന്നരണ്ട്കുഞ്ഞുകണ്ണുകളുംചേർന്ന, നീളിച്ചശരീരവുമായി- 'ടോണിപ്പട്ടി' എന്ന്താൻവെറുതേവിളിക്കുന്ന, 'ടോണി' എന്ന്നിർവികാരമായി തൻറെ ഭാര്യവിളിക്കുന്ന , 'ടോണികുട്ടാ' എന്ന്സ്നേഹത്തോടെഭാര്യയുടെഅമ്മവിളിക്കുന്ന, ടോണിഎന്ന്പേരായആപട്ടിയുടെ,ചെവിപഴുപ്പിൽനിന്നും പുറന്തള്ളപ്പെട്ടഅനേകംപുഴുക്കൾ.

ടോണിപക്ഷെസ്ഥലത്തില്ല.

പ്രകാശൻആപുഴുകാല്ചെരിച്ചുപിടിച്ച് മറുകാലിൽഭാരത്തോടെമുറ്റത്തിന്നരികിലെ പൈപ്പിൻചുവട്ടിലേക്ക്നടന്നു. കാല്സിമൻറ് മുറ്റത്തെപരുപരുത്തപ്രതലത്തിൽഉരച്ചുകഴുകി.

അസഹനീയമായദുർഗന്ധംഒഴുകിവരുന്നു-

ടോണിവരുന്നു.

വീടിൻറെ പിറകിൽനിന്നുംപ്രകാശൻറെ മുന്നിലൂടെചെവികൾകുടഞ്ഞ്കുടഞ്ഞ്. ദുർഗന്ധംപ്രകാശൻറെ മൂക്കിലൂടെകുത്തിത്തുളഞ്ഞുകേറി. ടോണിഗേറ്റിന്മുന്നിൽഇരിപ്പായി. ദുർഗന്ധംപക്ഷെ, അവിടെയിരിക്കാതെ എല്ലായിടത്തുംഒഴുകിനടക്കുന്നു.

'എവിടേ?' പ്രകാശൻഭാര്യയെവിളിച്ചു.

'മര്യാദക്ക്മെയിൻറ്റൈൻചെയ്യാൻപറ്റില്ലേൽപിന്നെന്തിനാവാങ്ങിവെച്ചിരിക്കുന്നെ? ഓരോരോഓളം, അല്ലാതെന്ത്. മണ്ണില്ലാത്ത വീട്ടിൽകുറേഅട്ടപ്പുഴുക്കളെസൃഷ്ടിക്കാനല്ലാതെ'

മുണ്ടൂർഐ. ആർ. ടി. സി. യിൽനിന്ന് വാങ്ങിവെച്ചബയോവേസ്റ്റ്ബിൻആണ്കഥാപാത്രം. പ്രകാശൻറെ ജീവിതത്തിലെപ്രധാന സ്വഭാവനടനംതുടരുന്നഭാര്യ, മുഖംതിരിച്ചു നടന്ന്ആരംഗത്തിൽമികച്ചകയ്യടിനേടി. അവളുടെനിർമ്മാണത്തിലാണ്ഈരംഗങ്ങളൊക്കെഓടുന്നത്. ജോലികിട്ടിയിട്ട്ഏഴ്കൊല്ലമായിട്ടുംഒരുവീടോസമ്പാദ്യമോഇല്ലാതെ, അന്നന്നുവേണ്ടഅപ്പവുംഭക്ഷിച്ച് , ഓരോദിനത്തിനുംഅതാതിൻറെ ആകുലതകളും മോന്തിക്കൊണ്ട്അയാൾഒഴുകിയൊഴുകിയങ്ങനെ.

അവളുടെവീടാണ്. എന്നാലും, മണ്ണിലിറക്കിവെക്കേണ്ടസാധനത്തെകോൺക്രീറ്റ്നിലത്തുവെച്ച്അട്ടയോളംതൊലിപ്പുറംതോന്നിക്കുന്നപുഴുക്കൾ,പുറത്തേക്ക് ദിനവുംപ്രതിഷേധറാലിനടത്തുന്നു. ഉമ്മറതിണ്ണയിലേക്ക് അതിക്രമിച്ചുകടക്കുമ്പോൾചൂല്കൊണ്ടുനടത്തുന്നലാത്തിച്ചാർജിൽഅനേകമെണ്ണംരക്തസാക്ഷിത്വംവരിക്കുകയുംചെയ്യുന്നത് പതിവായിരിക്കുന്നു.

ആ അട്ടപ്പുഴുക്കൾക്കിടയിലേക്കാണ് ഈ'പട്ടിപുഴുക്കൾ'കൂടി.

പ്രകാശൻകഴുകാൻ ബാക്കിവെച്ചവായ കഴുകി. എച്ചിലുകൾവായിൽനിന്നുംവെള്ള

ത്തിലൂടെഒഴുകിമതിയാകാത്തപുഴുക്കളെപ്പോലെ, അവിടവിടെ, അടുത്തപുഴുവംശത്തിനായിനിലംപറ്റിനിന്നു.

നാട്ടുകാർപരാതിപറഞ്ഞുതുടങ്ങിഎന്നകാര്യം. ഇടക്കിടെമൃഗഡോക്ടർവന്ന്അഞ്ഞൂറ്രൂപയുടെഇഞ്ചക്ഷൻവെച്ചിട്ടുംതാൽക്കാലികശമനമേഉള്ളുഎന്നകാര്യം. ടോണിക്ഷീണിച്ചുഎന്ന് ഭാര്യയുടെഅമ്മപരിഭവംപറയുന്നകാര്യം. ഇതൊക്കെഓർത്ത്മക്കൾരണ്ടും മണിഎട്ടരയായിട്ടുംഎഴുന്നേറ്റിട്ടില്ലഎന്നകാര്യം, വളരെവൈകിയാണ്പ്രകാശൻസ്കൂട്ടർ ഓടിക്കുമ്പോൾഓർത്തത്.

## *രണ്ട്*

വണ്ടികിനാശ്ശേരികൂട്ടുമൊക്ക്എത്തി. വലത്തൂന്നുംഇടത്തൂന്നുംവണ്ടികൾമെയിൻറോഡിലേക്ക്തള്ളിക്കയറാൻഉന്തിനിൽക്കുന്നെണ്ടെങ്കിലുംപ്രകാശൻറെ സ്കൂട്ടറിന്, മുന്നോട്ട്പോകാൻപ്രയാസംഅനുഭവപ്പെട്ടില്ല. ജംക്ഷൻകടന്നഉടനെഒരുവയസ്സൻ, വലത്തുനിന്ന്പ്രകാശൻറെ ദൃഷ്ടിയെവലിച്ചു.

ഒരുഎമ്പത്വയസ്സ്കഴിഞ്ഞ, തൊലിനരച്ച് പക്ഷെവെളുത്ത്, ഷർട്ട്ഇട്ടിട്ടില്ലെങ്കിലുംപാൻറസ് ധരിച്ച്, തൊലിപ്പുറംഅഴുക്കുകലരാത്ത അയാൾ,റോഡ്മുറിച്ചുകടക്കാൻശ്രമിക്കുന്നു. ഉറുമ്പരിക്കുന്നവേഗക്കുറവുണ്ട്അയാളുടെ കാലുകൾക്ക്. പ്രകാശൻറെ വേഗവുംകുറഞ്ഞു. ആവയസ്സൻഅരഅടിമുന്നോട്ടുംപിന്നെഒരടിപിറകോട്ടുമായി, വിറച്ചുചലിച്ചുകൊണ്ടിരിക്കുന്നു. അയാൾക്ക്പിന്നിൽ- ചായക്കടയിൽനരകേറിഅരികുപറ്റിയആളുകൾ. അയാൾക്ക്മുന്നിൽ-സ്കൂളിലേക്ക്ബസ്കാത്തുനിൽക്കുന്നവിദ്യാർത്ഥികളുടെകൂട്ടം. അവർഅയാളെകാണുന്നുണ്ട്. ചിരിക്കുന്നു. എന്തിനാണെന്ന്പ്രകാശന് അറിഞ്ഞില്ല.

അൽപനേരംഇത്തുടർന്നപ്പോൾ,പ്രകാശൻവണ്ടിനിർത്തി. തിരിച്ചുവന്ന്അയാൾക്ക് അരികിലെത്തികൈപിടിച്ചു.പുറകിൽനിന്ന് -'സൂക്ഷിച്ചുകടത്തണേ' പ്രകാശൻതിരിഞ്ഞു നോക്കിയില്ല. ചായയിൽവീണപുഴുകണക്കെ,എത്രനിർജീവമാണ്വാർധക്യം. 'ചിരിച്ചോണ്ട്നിന്നവർ', ഇനിയുംആചിരിയിൽനിന്നുംസ്വാതന്ത്രംനേടിയിട്ടില്ല. എന്തിനാണ്ഇവർസ്കൂളിൽപോകുന്നത്? മുന്നിൽവന്നത് കാണാതെഇത്രവേഗത്തിൽതടഞ്ഞുവീഴുന്നത്എവിടേക്കാണ്?

അക്ഷരങ്ങളിൽപുഴുക്കുത്തേറ്റിളവ്കുറഞ്ഞതലമുറകൾ, പതിരുതാങ്ങിനാണത്തോടെനീങ്ങിനിന്നു. പ്രകാശൻ, ആവയസ്സനെ റോഡ്കടത്തി,അയാളുടെവഴിയേഅലയാൻ വിട്ടു.

'സാറേസൂപ്പർ'

'മാഷേകിഡുട്ടോ'

'യൂആർഎമോഡൽ'

'മാഷേ, മാഷ്ഗുമ്മാണ്ട്ട'

'അഭിമാനിക്കുന്നുമാഷേനിങ്ങളിൽ...'

വണ്ടിയേക്കാൾആവേഗത്തിൽപ്രകാശൻറെ മനസ്സിലേക്ക്വിദ്യാർഥികൾകേറിവന്ന്കയ്യടിച്ചു. കണ്ണുകളിൽക്യാമറവന്ന്,കഴിഞ്ഞരംഗം ഒന്നൂടെകാണിച്ചുകൊടുത്തു. അതിന്ആയിരംലൈക്കുകളുംകമൻസുകളുംഷെയറുകളുംകിട്ടിയപോലെപ്രകാശൻറെ വെസ്പസ്കൂട്ടർആകാശത്തൂടെവൈറലായിപറന്നുകൊണ്ടിരുന്നു.

- ടോണിഅതിൻറെ ചെവികൾഇടംവലം വീശിക്കൊണ്ടിരുന്നു.

ചിത്രംമാറുന്നു. പ്രകാശനിലെ'സമൂഹമാധ്യമഎഴുത്തുകാരൻ' ഉണരുകയായി.

- നിർമൽഗ്രാമംഎന്ന്എഴുതിവെച്ച ബോർഡ്പോലുംകാണാതെ,പെരുവെമ്പപഞ്ചായത്തിൻറെ 'സ്വാഗതബോർഡ്'കഴിവുകേടിൻറെ മാലിന്യകൂമ്പാരംപേറിനിൽക്കുന്നു.

എന്താണീചിത്രത്തിൻറെ ഗുട്ടൻസ് ? അയാളിലെപെൻസിൽനീങ്ങിതുടങ്ങി.

കയ്യിലൊരുതുണിസഞ്ചികരുതാനുള്ളകഴിവില്ലായ്മകൊണ്ട്, വെറുതേകിട്ടുന്നപ്ളാസ്റ്റിക്കാരിബാഗുകൾ. വീട്ടീന്നൊരുകുപ്പിവെള്ളം കരുതാനുള്ളഭാരംകൊണ്ട്, ഇടക്കുള്ളആശ്വാസത്തിനുതകുന്നകോളക്കുപ്പികൾ. സ്വന്തംഅടുക്കളയിൽപാകംചെയ്യാനുള്ളസൗകര്യമില്ലായ്മയിൽഹോട്ടലുകാരൻതരുന്നഅധികവെള്ളിക്കടലാസ്സുകൾ, ചായകുടിക്കാനായിവൃത്തികണ്ടെത്തിയപേപ്പർഗ്ലാസ്സുകൾ. പരിപാടികൾകളർഫുള്ളാക്കാൻ മറച്ചുചേർക്കുന്നഫ്ലക്സുകൾ. ഇതൊക്കെചേർത്തുവെച്ച,ഒരുമനോഹരചിത്രം.

ശുചിത്വപദ്ധതികൾഫലപ്രദമായിനടപ്പാക്കിയതിനാഷ്ട്രപതിനൽകുന്നനിർമൽ ഗ്രാമപുരസ്കാരംഏറ്റവുംകൂടുതൽനേടിയകേരളത്തിലെപലപഞ്ചായത്തുകളുടെയുംചിത്രം ഇതിൽനിന്നുംവ്യത്യസ്തമല്ല.

ആരാണീചിത്രകാരൻ/കാരിമാർ? ഉറവിടത്തിൽതന്നെമാലിന്യംസംസ്കരിക്കുന്നതിനുള്ളസംവിധാനങ്ങൾഉണ്ടെങ്കിൽമാത്രം ലൈസൻസ്അനുവധിക്കാവുന്നഅറവുശാലകളിൽനിന്ന്എങ്ങനെയാണ്പൊതിച്ചാക്കുകളിൽനിറച്ചമാംസാവശിഷ്ടങ്ങൾറോഡിൽചിതറുന്നത്? സാധാരണക്കാരിൽസാധാരണക്കാരായആരുംതൻറെ മാലിന്യംകവറിൽകെട്ടി റോഡിൽഎറിയുന്നില്ല. വളരെവേഗത്തിൽ റോഡിലൂടെപായുന്നവാഹനങ്ങളിൽനിന്നുമാണ്ഇത്തരംപൊതികൾവരാറുള്ളത്. വിദ്യപോലെതന്നെപ്രധാനമാണ്വൃത്തിയുംഎന്നതത്വംമാറിയിട്ടില്ല. അതിനർത്ഥംവിദ്യയെന്നരണ്ടക്ഷരംപലരെയുംതൊട്ടുതീണ്ടിയിട്ടില്ലഎന്നതുതന്നെ. നൂറുശതമാനംസാക്ഷരതഅവകാശപ്പെടുന്നകേരളത്തിലെ പൊതുസ്ഥലങ്ങളെമൂക്കുപൊത്തിനടക്കേണ്ടനിലക്ക്മാറ്റുന്നഇവിടത്തുകാരെഎങ്ങനെവിദ്യാഭ്യാസമുള്ളവരായിപരിഗണിക്കും.

അതൊക്കെഅവടിരിക്കട്ടെ. പോംവഴിഎന്തേലുമുണ്ടോ?

കാലംബാക്കിവെക്കുന്നഏറ്റവുംമോശമായസ്ഥിതിവിശേഷമായിരിക്കുംഈമാലിന്യകൂമ്പാരങ്ങൾ. പരിഹാരമെന്ത്?

പ്ലാസ്റ്റിക്കവറുകൾപേരിനല്ലപൂർണമായും നിരോധിക്കുക. ഫ്ളക്സ്സംസ്കാരംഇനിനമുക്കേവണ്ട. കക്ഷിരാഷ്ട്രീയക്കാർക്ക്ജനങ്ങളുടെ നികുതിപണംകൊണ്ട്റോഡ്പണിഞ്ഞതിന്നേതാവിൻറെ പേരിൽപതിനായിരങ്ങൾ പൊടിച്ചുഫ്ളക്സ്അടിക്കണമെന്നഭ്രാന്തൻ ചിന്തക്ക്പകരംവാഹനപ്രചാരണങ്ങളുംശബ്ദവാഹിനികളുംപ്രയോഗിക്കട്ടെ. അതാവുമ്പോൾഅവരെകാണാത്തവർപോലുംഅവരെകേൾക്കുകയുംകൂടാതെകുറച്ചുപേർക്ക് തൊഴിലുമാവും.

പറ്റത്തില്ല! എന്നുണ്ടോ?

ഏറ്റവുംപ്രായോഗികമായപ്രാഥമികകുറുക്കുവഴിയുംകൂടിപറയാം.

വീടുവയ്ക്കുന്നതിനുമുൻപുള്ളബിൽഡിങ്പെർമിറ്റ്എന്നസാധനംഅനുവധിക്കണമെങ്കിൽഅവിടുത്തെമാലിന്യംസംസ്കരിക്കുന്നതിനുള്ളപരിഹാരംഅവിടെത്തന്നെയുണ്ടെങ്കിൽമാത്രംഅനുവദിച്ചാൽമതിഎന്നുള്ളതുതന്നെ. അതിപ്പോഒരുസെൻറ്ആവാംഒരുഏക്കർവീടുമാവാം.

പ്രകാശിതൻ

ഹോ! മനസ്സിനെഎഴുത്തിനിരുത്തിയപ്പോൾപ്രകാശന്ഏതൊരുമലയാളിഎഴുത്തുകാരനെപ്പോലെയുംഅയാൾക്കുംസന്തോഷം തോന്നി.

-ടോണി, അതിനേക്കാൾദുർഗ്ഗന്ധംപിടിച്ചഎന്തോമണക്കുന്നു.

-ചെവികൾഇടംവലംആട്ടിയാട്ടിക്കൊണ്ടിരിക്കുന്നു.

## *മൂന്ന്*

ഈയിടെയായിആഹാരകാര്യത്തിൽ, മടുപ്പ്എന്നതാണ് പ്രധാനപ്രകാശവികാരം. തിരോന്തോരത്തുനിന്ന്സ്ഥലംമാറ്റംസ്വീകരിച്ച് ചിറ്റൂരെത്തിയ വിനോദ്മാഷ്ഡിപ്പാർട്മെൻറിലെഉച്ചയൂണ്സമയത്ത്വിളമ്പുന്നനോൺ-വെജിറ്റേറിയൻവിശേഷങ്ങളെല്ലാം,പ്രകാശനൊഴികെമറ്റെല്ലാവരുംസ്വാദോടെ ചവച്ചരച്ചുതിന്നു. കടലിലേയുംകടകളിലേയും പാകംവന്നതുംപഴക്കംവന്നതുമായമീൻവിശേഷങ്ങൾ പങ്കുവെച്ചുതീരുമ്പോഴേക്കുംപ്രകാശൻറെ വെജിറ്റേറിയൻവയറ്, ഭക്ഷണം 'വേണ്ടാവേണ്ടാ' എന്ന്പറഞ്ഞുതുടങ്ങിയിരിക്കും. എല്ലാവർക്കുംമുൻപേഅയാൾഎണീക്കും. അന്നുംഅയാൾഎണീറ്റു.

കുടുസ്സായവാഷ്ബേസിനിൽചോറ്റുപാത്രങ്ങൾകലപില‌കൂട്ടുന്നസമയംപ്രകാശൻറെ മൊബൈൽമണികൊട്ടാരംഭിച്ചു, 'ടീച്ചർ'. അയാളുടെഭാര്യ. കൈകുടഞ്ഞ്പച്ചവട്ടംമുകളിലേക്ക്ആക്കുന്നതിൽരണ്ടുവട്ടംപരാജയപ്പെട്ടു. കൈവിരലിലെവെള്ളം , മൊബൈൽസ്ക്രീനിൽ മുകളിലേക്ക്, തലമൂത്തുവളർന്ന പുഴുവിനേപ്പോൽതാഴേക്കൊഴുകി. നെഞ്ചോട്ചേർത്ത്, ഷർട്ടിൽചേർത്തുരച്ച്അയാൾഅതിനെകൊന്ന്, കാൾഎടുക്കുന്നതിൽവിജയിച്ചു.

'ടോണിപോയി'. അത്രതന്നെ.

പ്രകാശൻറെ ഭാവമാറ്റംഎത്രകിഴിച്ചാലും കൂട്ടിയാലും ഗുണിച്ചാലും കിട്ടുന്നഹരണഫലംപൂജ്യംപോലെതോന്നിച്ചു.

'അമ്മഇവിടെഒരേകരച്ചിലാണ്. രാവിലെമുതൽഒന്നുംകഴിച്ചിട്ടില്ല' - അവിടന്ന്.

ഇവിടുന്ന്, പ്രകാശൻറെ സ്ഥിരംപല്ലവി. 'വളർത്തുമ്പോമര്യാദക്ക്നോക്കണം'

'ഇവിടെകുഴിച്ചിടാൻസ്ഥലമില്ലനിങ്ങൾതന്നെഎന്തേലുംചെയ്യണം'

'ഞാനെന്ത്ചെയ്യാൻ? ആവേലായുധൻ ചേട്ടനെവിളിച്ച്എവിടേലുംകുഴിച്ചിടാൻപറ'

'അയാളൊന്നുംഇവിടെഇല്ല. പണിക്ക്പോയിരിക്കുന്നു. ഇനിഞങ്ങൾപെണ്ണുങ്ങൾത

ന്നെഇതൊക്കെചെയ്യണോ?'

മുറിവേറ്റു!.

എന്ത്പറയാൻ. ഒന്നുംമിണ്ടിയില്ല. ദേഷ്യം വന്ന്അങ്ങനെനിന്നതല്ലാതെ. ഫോൺമുറിഞ്ഞുഅങ്ങേതലക്കിൽ.

പാത്രംകഴുകൽതീർന്നില്ലല്ലോ?.

ഉണങ്ങിയകയ്യുംഎച്ചിൽപാത്രവുംതമ്മിലുള്ളതിക്തസന്ധിയിൽഅയാൾക്ക്അറപ്പ്തോന്നി.

വെള്ളംപാഴാക്കാതെപാത്രംകഴുകിയതായി, അയാൾഅയാൾക്ക്തന്നെബോധ്യപ്പെടുത്തികൊടുത്തു. ടാപ്പ്അടച്ച്തിരികെകസേരയിൽവന്ന്ഇരുന്നതുംവീണ്ടുംഫോൺവന്നു. വീണ്ടും'ടീച്ചർ'.

'അതേ, അതിൽനിന്നുംധാരാളംപുഴുഅരിക്കുന്നുണ്ട്. നിങ്ങൾവേഗംവരാൻനോക്ക്. അധികനേരംവെച്ചുകൊണ്ടിരിക്കാൻപറ്റില്ല'.

അയാളുടെചുമലിൽപ്പിടിച്ചുചിരിക്കുന്നഅവളുടെചിത്രത്തിൻറെ ചിരിനിറഞ്ഞകോളിങ് ഇമേജിൽപ്രകാശന്അന്നൊരുനീരസംതോന്നി.

ഈയിടെയായിക്ലാസ്തീർന്നവൈകുന്നേരങ്ങളിൽകോളേജിൽ'സാറന്മാർ' ചേർന്ന്ഷട്ടിൽകളിആരംഭിച്ചിട്ടുണ്ട്. ഇമ്മിണിബല്യശരീരങ്ങൾവിയർക്കാനായിഒത്തുകൂടും. ആവല്ല്യസാറന്മാരുടെകൂട്ടത്തിൽപ്രകാശൻഒരുപുഴുവിനെപ്പോലെബാറ്റുകൊണ്ട് കളത്തിലും, വാചകകസർത്തുകൊണ്ട് കളത്തിന്പുറത്ത്രമിച്ചുംചൊറിഞ്ഞുംകൊണ്ടിരിന്നു.

വീണ്ടും 'ടീച്ചർ.'

രണ്ടാമത്തെവിളിയിലാണ്ഫോൺഎടുത്തത്.

'നിങ്ങളവിടെഎന്തെടുക്കുവാമനുഷ്യാ, നല്ലോണംപുഴുഅരിക്കുന്നുണ്ട്ട്' പ്രകാശൻപല്ലിരുമ്മി.

വീണ്ടുംഅങ്ങേതലക്കിൽനിന്ന്–

'വേഗംവരാൻനോക്ക്. എനിക്ക്ഒറ്റക്ക്ഒന്നുംചെയ്യാൻകഴിയില്ല'

ആവാക്കുകളിലെപാതി ഉത്തരവാദിത്വം, പ്രകാശൻറെ പല്ലിറുമ്മലിന് അതേപാതി ശമനംവരുത്തി.

-ടോണിയുടെചെവിയാട്ടലിന്വേഗതകൂടി.

കളിപൂർണമായിആസ്വദിക്കാൻകഴിയാതെകളിക്കേണ്ടിവന്നു. അഞ്ചേകാലോടുകൂടിപ്രകാശൻകോളേജിട്ടു. മന്നത്തുകാവ്കവലകഴിഞ്ഞതുംവീണ്ടുംവിളിയെത്തി.

'എവിടെയെത്തി?'

ഇനിഎന്താണ്അവളോട് പറയേണ്ടത്?. എല്ലാനീരസങ്ങളുംചേർന്ന്വന്നു. എന്നാലും അടക്കി.

'അതിനെഒരുചാക്കിൽആക്കിവെക്കുകയെങ്കിലുംചെയ്യുമോ?'

'നോക്കാം. നിങ്ങൾവേഗംവാ'. വിളിതീർന്നു.

സ്ഥലംഅനപ്പുറംകഴിഞ്ഞു. അവിടെകിനാശ്ശേരിഎന്ന്എഴുതിവെച്ചപച്ചനിറമുള്ളവെള്ളെഴുത്തിൽ തിളങ്ങുന്നബോർഡിന്മുകളിൽഒരുചുവന്നചെറുബോർഡ് 'ഇവിടെമാലിന്യങ്ങൾനിക്ഷേപിക്കരുത്. നിങ്ങൾക്യാമറയുടെനിരീക്ഷണത്തിലാണ്'

ആചുവന്നബോർഡിൻറെ അപാരസാധ്യതകൾഎന്തൊക്കെയാണ്.

– അതൊരുഅൾട്രാനാനോവേസ്റ്റ്മാനേജ്മെൻറ് സിസ്റ്റംആകുന്നു. അതിൽഘടിപ്പിച്ചിട്ടുള്ളത്അതിസൂക്ഷ്മഎന്നാൽഅതീവശക്തമായവിഷൽസെൻസറിങ്ഉപകരണംആകുന്നു. അത് ഒരുകിലോമീറ്റർപരിസരംമുഴുവനായുംനിരീക്ഷിച്ച്മാലിന്യംനിക്ഷേപിക്കുന്നആളുകളുടെവിവരങ്ങൾചിത്രംസഹിതംപിടിച്ചെടുക്കുന്നു. അത്ആധാർപ്ലാറ്റ്ഫോംലിങ്കേജ്സംവിധാനത്തിലൂടെജില്ലാകളക്ടറുടെകാര്യാലയത്തിലെത്തിക്കുന്നു. പിന്നീട്ജില്ലാഐ. ടി. വകുപ്പിൻറെ സഹായത്തോടുകൂടിഈവിവരങ്ങൾപഞ്ചായത്തിൽ അറിയിക്കുകയും, മാലിന്യംനിക്ഷേപിച്ചവർക്ക്അടുത്തരണ്ടുവർഷത്തേക്ക്പഞ്ചായത്തിൽനിന്നുംജില്ലാഭരണകൂടത്തിൽനിന്നുമുള്ളഎല്ലാസേവനങ്ങൾക്കുംവിലക്ക്ഏർപ്പെടുത്തുകയുംചെയ്യുന്നു. കൂടാതെഈയന്ത്രത്തിൻറെ മറ്റൊരുപ്രവർത്തനപ്രതിഭാസം, ഒരുകിലോമീറ്റർചുറ്റളവിലുള്ളഎല്ലാമാലിന്യങ്ങളെയുംദുർഗന്ധംകൂടാതെഅൾട്രാവയലറ്റ്ഡിസ്ട്രക്ഷൻമെക്കാനിസത്തിലൂടെചാരമാക്കികളയുന്നരീതിയേയുംപ്രകാശൻസ്വപ്നം കണ്ട്, ചിരിയോടുകൂടിചിന്തിച്ചുതള്ളി.

ആസംവിധാനത്തിൽപുഴുക്കൾ ഒരിക്കലുംഉണ്ടാകില്ല.

പ്രസവിച്ചുതള്ളാൻഈർപ്പംകിട്ടാതെ പുഴുക്കൾക്കങ്ങനെവംശനാശംവരുമോ?

-ടോണിഇപ്പോൾപതിയെദുർബലമായിചെവിയാട്ടുന്നു.

**(ശേഷം അടുത്ത ലക്കത്തിൽ)**

# ഭൂമിക്ക് എഴുതിയ പ്രണയ ലേഖനം



അബ്ദിയ ഷഫീന

പ്രിയമുള്ളവളേ, എനിക്ക് നിന്നോട് വല്ലാത്തൊരു പ്രണയമാണ്. ആ ഭ്രാന്തമായ പ്രണയത്തെ എങ്ങനെ വർണ്ണിക്കണം എന്നെനിക്കറിയില്ല.

സിരകളിൽ പടരുന്ന നിണം പോലും നിന്റെ ദാനത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്. ആ നിന്നിലെ സ്നേഹം തെല്ലും കുറയാതെ എന്നിലും എന്റെ പിൻ തലമുറയിലും എന്നും നില നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രപഞ്ചത്തിൽ സർവ്വംസഹയായ നിന്നെയല്ലാതെ മറ്റൊന്നിനെയും പ്രണയിക്കുന്നതിൽ ഞാൻ ഒരർത്ഥവും കാണുന്നില്ല. നിന്നിൽ മാറി മാറി വരുന്ന കാല പ്രയാണത്തിലെ ഋതുഭേദത്തിൽ കുടമാറ്റം നടത്തുന്ന ഓരോ വസന്തവും, ഓരോ വർഷവും പുതു പുതു അനുഭവങ്ങൾ സമ്മാനിക്കുമ്പോൾ നിന്റെ മടിത്തട്ടിലെ ഓരോ ജീവന്റെ തുടിപ്പിനും ചാരുതയേകി ജീവിതം

നൽകുന്ന നിന്റെ കനിവുള്ള ഹൃദയത്തെ ഞാൻ എന്നോ



ളം പ്രണയിക്കുന്നു. എന്റെ പ്രാണൻ പിരിയുവോളം എനിക്ക് നിന്റെ കരുണയും, സ്നേഹവും വേണം. എന്നെ കരുതലോടെ പോറ്റുന്ന അമ്മയായി, എന്നിലെ എന്നെ തരളിതയാക്കുന്ന എന്റെ പ്രാണപ്രിയനെ പോലെ എനിക്ക് പരിണയിക്കണം നീയാം വസുധയെ. എന്നിലെ സർവ്വ വ്യാപിയായി

നിന്നിലെ സൗന്ദര്യത്തെയും, പരിമളത്തെയും എന്നിൽ നിറക്കുമ്പോൾ ആണ് ഞാൻ ഞാനായി മാറുന്നത്.

നിന്നെ എന്റെ പൂർവികർ എനിക്ക് നൽകിയ സ്വത്തായി കണ്ട് ഞാൻ അഹങ്കരിക്കുന്നില്ല, നാളെ എന്റെ പിൻഗാമികൾക്ക് നൽകാനുള്ള അമൂല്യമായ സ്വത്തായി കരുതി

ഞാൻ നുള്ളി നോവിക്കാതെ കാത്ത് കൊള്ളാം.

ഞാൻ പിറന്ന ഭൂമിമലയാളത്തിന്റെ സംസ്കാരം പോലും നിന്റെ മടിത്തട്ടിലെ മണ്ണടരുകൾക്കിടയിൽ നിന്നും മുളപൊട്ടിയതാണ്. പുതുവർഷം പൊഴിയുന്ന മണ്ണിന്റെ മണവും, ശിരസ്സുയർത്തി നിൽക്കുന്ന ഹരിതാഭമായ മലനിരകളും, പൊൻകതിർ വിളയുന്ന വയലേലകളും, പരൽമീനുകൾ നീന്തിത്തുടിക്കുന്ന കടലും,കായലും, പുഴയും, ജന്തു ജീവജാലങ്ങളെ പോറ്റുന്ന കാടും എല്ലാം എത്ര കരുതലോടെയാണ് നീ കാക്കുന്നത്.

പ്രകൃതി രമണീയമായ നിന്റെ മാറിലേക്ക് പെയ്യ്തിറങ്ങുന്ന മഴയും,

മഞ്ഞുകണങ്ങളും നിന്നിൽ മുളപൊട്ടിയ ജീവന്റെ തുടിപ്പുകൾക്കായി നീ എത്ര കനിവോടെയാണ് കാത്ത് വക്കുന്നത്. സർവ്വ ചരാചരങ്ങൾക്കും ജീവനം നൽകാൻ വേണ്ടി നീ കരുതിയിരുന്നിട്ടും സ്വാർത്ഥമായി കൊണ്ടിരിക്കുന്ന മനുഷ്യരാശി

സമ്പത്തിലും, സുഖലോലുപതയിലും മതിഭ്രമം ബാധിച്ച് നിന്റെ ഉടയാടകൾ പറിച്ചെറിഞ്ഞും, നിന്നെ കീറി മുറിച്ചും, കൊടുംക്രൂരതകൾ നിന്നിലേക്കാഴ്ത്തി പതിയെ പതിയെ നിന്നെ കൊന്നുകൊണ്ടിരിക്കുന്നു.

ഓരോ കാലം പിന്നിടുമ്പോഴും നിന്റെ മടിത്തട്ടിൽ നിന്നും മനോഹാരിത മണ്മറഞ്ഞു കൊണ്ടിരിക്കുകയാണ്. നിന്റെ മാറിലെ ചുടുനീര് ആവശ്യത്തിനും അനാവശ്യത്തിനും ഊറ്റിയെടുത്തു മതിച്ചു വാണിട്ട് നിനക്ക് ചരമഗീതം രചിക്കാൻ മത്സരിക്കുകയാണ് നീ പോറ്റി വളർത്തിയ നിന്റെ മക്കൾ. മാറിലെ ചൂടും, മടിയിലെ ഭഷ്യവും

മതിയാവോളം ആസ്വദിച്ചു നുകർന്നിട്ടും നെറികെട്ട വർഗ്ഗം

നിന്നെ അറിയാതെ, നിന്റെ മഹിമയറിയാതെ നിന്നെ ഇഞ്ചിഞ്ചായി കൊന്നിട്ടും പ്രപഞ്ചം നിലനിർത്താനായി എല്ലാം പാടെ മറന്ന് വീണ്ടും നീ പൂർണ്ണയാവാൻ ശ്രമിക്കുമ്പോൾ താങ്ങാനാവാതെ നീ തളർന്നുപോകുന്നത് കണ്ട്

എന്റെ ഹൃദയം പിടയാറുണ്ട്.

പേമാരിയും, കൊടുംകാറ്റും, പ്രളയവും, ഭൂകമ്പവും നിന്നെ തകർത്തെറിയാൻ വന്നിട്ടും പെടാ പാട് പെട്ട് കരുത്തോടെ നേരിട്ട്

വീണ്ടും നിന്നിൽ പിറവികൊണ്ടവർക്കായി തളിർക്കുന്നു, പൂക്കുന്നു, കായ്ക്കുന്നു. നിന്റെ ആ ചങ്കൂറ്റമാണ് എന്നയും ജീവിക്കാൻ പ്രേരിപ്പിക്കുന്നത് . അങ്ങനെയുള്ള സർവ്വകാരിണീ ദേവീ നിന്നെയാണ് എനിക്ക് പ്രാണനായി പ്രണയിക്കാൻ തോന്നുന്നത്,നിന്നെയാണ് എനിക്ക് മാതൃകയാക്കാൻ തോന്നുന്നത്.

ആഡംബരങ്ങൾക്ക് മീതെ മനുഷ്യൻ പായുമ്പോൾ നിന്റെ ആവാസവ്യവസ്ഥയിൽ വരുന്ന മാറ്റങ്ങൾ പോലും വകവെക്കാതെ

സാമ്പത്തിക പുരോഗതിയ്ക്ക്

വേണ്ടി മണ്ണിനെ മറന്ന് അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളിലൂടെ നിന്റെയും, പരിസ്ഥിതിയുടെയും, നിലനിൽപ്പ് പോലും അവഗണിച്ചു കൊണ്ട് പിൻതലമുറക്ക് എല്ലാം അന്യമാക്കിക്കൊണ്ടിരിക്കുന്ന മൂഢൻമാരായ ഞാനുൾപ്പെട്ട മനുഷ്യ വംശത്തോട് നിനക്ക് കോപം തോന്നുന്നില്ലേ?

സാമൂഹിക, സാംസ്കാരിക വളർച്ചയ്ക്ക് വേണ്ടി കാട്ടിക്കൂട്ടുന്ന വികസനപ്രവർത്തനങ്ങൾകൊണ്ട്

സ്വന്തം കീശ വീർപ്പിക്കുന്ന മേലാളൻമാർക്ക് മാത്രമാണ് നേട്ടം.

മണ്ണിന്റെ മണമറിയുന്ന മക്കൾക്ക്

നേട്ടത്തിന് പകരം കോട്ടം മാത്രമാണ് പരിണിതഫലം.

ജീവജാലങ്ങൾക്ക് ഹാനികരമാകുന്ന വിധത്തിൽ

ചൂടിൻറെ വർദ്ധന, കാലാവസ്ഥ വ്യതിയാനങ്ങൾ, കുടിവെള്ള ക്ഷാമം,ശുദ്ധവായു മലിനീകരണം,

മാറാവ്യാധികൾ, ആഗോളതാപനം

എന്നിങ്ങനെ നിന്നിലെ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാകും വിധത്തിൽ

മലിനീകരണത്തിൻറെ മാരക ഫലങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

എന്റെ അറിവായ കാലം മുതൽ എന്റെ കണ്മുന്നിലുള്ള നീ എത്ര മനോഹരിയായിരുന്നു. ഒരുപാട് സവിശേഷതകൾ ഉള്ള ദൈവത്തിന്റെ സ്വന്തം നാടായ എന്റെ മലയാള മണ്ണിനെ എത്ര കമനീയമായിട്ടാണ് നീ അലങ്കരിച്ചിരുന്നത്. കണ്ണിനും കരളിനും കുളിർമയേകുന്ന കാവും, കുളവും, അമ്പല



പറമ്പും, പള്ളിയും, പാടവും, മുറ്റത്തെ വർണ്ണപ്പൂക്കളും, അവക്കരികിലേക്ക് പാറി അടുക്കുന്ന ശലഭങ്ങളും, വാനമ്പാടികളുംകൊണ്ട് വർണ്ണാഭമായിരുന്നു . എന്റെ ചുറ്റിലുമുള്ള മനോഹാരിതയെ പലരായി പലകാലങ്ങളിലായി പലപ്പോഴായി നശിപ്പിച്ചുകളഞ്ഞു.

കാവുകൾ വെട്ടി നിരത്തി. സത്യമുള്ള നാഗത്താൻമാരെ നാടുകടത്തി. കരിങ്കല്ലിൽ കൊത്തിയ ജീവനില്ലാത്ത പ്രതിഷ്ഠയാക്കി. കുളങ്ങൾ നികത്തി കൂരകൾ പണിതു,

അമ്പല പറമ്പിലെ ജാതിയുടെയും മതത്തിന്റെയും വൈര്യം പിണയാത്ത ദൈവങ്ങൾക്ക് മാളികകൾ പണിത് ദൈവത്തെ അറക്കുള്ളിലാക്കി, പള്ളികൾക്കുള്ളിലെ പടച്ചോനെയും, ഈശോയെയും തള്ളിപ്പുറത്താക്കി പടപ്പുകൾ തമ്മിൽ പടയൊരുക്കങ്ങൾക്ക് പാഠം പഠിച്ചു തുടങ്ങി, വിത്ത് വിതറി വിളവെടുത്ത പാടങ്ങൾ നികത്തി ഫ്ലാറ്റുകൾ ഉയർത്തി, മുറ്റത്തെ മുല്ലയും, വർണ്ണപ്പൂക്കളും

ഇന്റർ ലോക്കിനുള്ളിൽ മൃതിയടങ്ങി, തേൻ നുകരാൻ പൂക്കളില്ലാത്ത മുറ്റത്ത് നിന്നും പുമ്പാറ്റകൾ പാറിയകന്നു, കാവിലും പറമ്പിലും പശിയടക്കാനില്ലാതെ

പാടിനടന്ന പറവകൾ പാടങ്ങൾ തേടി പാലായനം ചെയ്തു.

എങ്കിലും നിന്റെ കരുണയുടെ കൈക്കുമ്പിളിൽ ഇനിയും വറ്റാത്ത

നീരുറവയാൽ മനുഷ്യവാസം കുറഞ്ഞയിടങ്ങളിൽ നീ ബാക്കിയാക്കിയ ഹരിതഭൂമിയെ തേടി ടൂറിസം വികസനത്തിനായി നിന്റെ മക്കൾ അലയുകയാണിപ്പോൾ.

ഇനിയെത്ര നാൾ നിന്നെ പ്രണയിച്ചു ജീവിക്കാൻ കഴിയുമെന്നറിയില്ല. ദിനവും വികസനത്തിന്റെ പേരിൽ

നാടും, നഗരവും, മനുഷ്യമനസ്സും മലീനസമാക്കിക്കൊണ്ടിരിക്കുന്നു.

പീഡനങ്ങളും കൊല്ലും, കൊലയും

നിറഞ്ഞു ചുടു ചോരയുടെ മണം നിന്നിൽ മുഴുവനും പടർന്നിരിക്കുന്നു.

മണ്ണിന്റെ മണം നുകർന്ന നിന്റെ മക്കൾക്ക് ഇന്ന് ചോരയുടെ മണത്തോട് പ്രിയമേറിക്കൊണ്ടിരിക്കുന്നു.

സൂക്ഷിക്കുക പ്രിയേ.. നിന്റെ നിലനില്പിനായി എന്നെ പോലെ നിന്നെ പ്രണയിക്കാൻ നിന്റെ മടിത്തട്ടിൽ കുരുത്ത മനുഷ്യരാശിക്ക് കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോകുന്നു. എന്റെ പ്രാണൻ വെടിയുവോളം നിന്നോടുള്ള എന്റെ അടങ്ങാത്ത പ്രണയത്തിന് അറുതിയുണ്ടാവില്ല. എന്റെ ജീവനെ നില നിർത്തുന്നവളേ എന്റെ പ്രണയം പേറാൻ,നിന്റെ കനിവിനായി നിന്റെയും എന്റെയും നിലനില്പിനായി എന്നും പ്രാർത്ഥിച്ചിടാം, .